NERVEEDHI
Volume -13, Issue - 04, 10th April 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-04, ഏപ്രിൽ 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഇളകാത്ത രാജ്യം വരുന്നുവല്ലോ

പേജ് 24

Editorial

# വിശ്വാസത്തിന്റെ അനുസരണം

ദൈവം അരുളിച്ചെയ്തതു വിശ്വസിക്കുന്നു എന്ന് അനുസരണത്താൽ നാം ഓരോരുത്തരും തെളിയിക്കേണ്ടതാണ്. അബ്രഹാമിന്റെ ജീവിതം പരിശോധിച്ചാൽ ദൈവം അരുളിച്ചെയ്തതു എളുപ്പത്തിൽ അനുസരിക്കാൻ സാധിക്കുന്ന കാര്യമല്ലായിരുന്നു. സ്വന്ത ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും എല്ലാം വിട്ടു എവിടേയ്ക്കെന്നു അറിയാത്ത ഒരിടത്തേയ്ക്ക പോകണം. 'എവിടെ പോകുന്നു'? എന്ന് വീട്ടുകാരോ നാട്ടുകാരോ ആരു ചോദിച്ചാലും അറിയില്ല എന്ന് മറുപടി പറയുന്ന മനുഷ്യനെ ഭ്രാന്തൻ എന്ന് പരിഹസിച്ചാൽ തെറ്റ് പറയാനാവുമോ? "ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശം"(ഉൽപ്പത്തി 12: 1-3) എന്ന ദൈവത്തിന്റെ വാക്ക് ആണ് അബ്രഹാമിന് വിശ്വാസവും അനുസരണമനോഭാവവും നൽകിയത്. വഴിയും ദേശവും കാണിച്ചുകൊടുക്കണമെങ്കിൽ ദൈവം ഒപ്പം ഉണ്ടായിരിക്കുമല്ലോ എന്ന വിശ്വാസം.

ഞാൻ ജനിച്ചു വളർന്ന വിഭാഗത്തിൽ നിന്ന് മാറാതെ അതിൽ തന്നെ തുടരുമെന്ന് പലരും പറയാറുണ്ട്. 'അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും' എന്ന് യേശു പറയുന്നത് സത്യദൈവത്തെ അന്വേഷിക്കുവാനുള്ള ആഹ്വാനം തന്നെയാണ്. അന്വേഷണത്തിൽ ചോദ്യവും അതിന്റെ ഉത്തരവും ഉണ്ട്. മനുഷ്യൻ നിരത്തുന്ന അവന്റെ എല്ലാ യുക്തിക്കും ദൈവത്തിനു മറുപടിയുണ്ട്. അത് സ്പഷ്ടമാക്കുവാനാണ് ദൈവം തന്നെ മനുഷ്യജന്മമെടുത്തു ഭൂമിയിൽ വന്നു അനുസരണത്തിന്റെ നല്ല മാതൃക നമുക്ക് കാട്ടിത്തന്നത്.

ദൈവവചനത്തെ ഖണ്ഡിക്കുന്ന മനുഷ്യന്റെ ആലോചന ആരെയും നാശപാതയിലേക്കാകും നയിക്കുക. 'ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുമെങ്കിലും അതിന്റെ അവസാനം മരണവഴികൾ' എന്ന വാക്യം ഏകവചനത്തിൽ ആരംഭിച്ചു ബഹുവചനത്തിൽ അവസാനിക്കുന്നു (സദൃശ്യം 16: 25). തുടക്കത്തിൽ എല്ലാം ഭദ്രം എങ്കിലും തുടർന്ന് എങ്ങോട്ടു തിരിഞ്ഞാലും, നാലുപാടും അപകടം. ഓല മേഞ്ഞ വീടും നാട്ടിൻപുറത്തെ വൈദ്യനെയും അക്ഷരം അഭ്യസിച്ച കളരിയും എല്ലാം വിട്ടു ആധുനിക സംവിധാനത്തിലേക്ക് മനുഷ്യൻ കൂടുമാറി. വാർക്കവീടുകളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും നവീന വിദ്യാഭ്യാസ രീതികളും സ്വീകരിക്കുവാൻ അശേഷം മടിയുണ്ടായില്ല. ഇതൊക്കെ ശാരീരിക ബൗദ്ധിക തലമാണല്ലോ. എന്നാൽ നിത്യമായ നമ്മുടെ ആത്മാവിന്, ജീവനുള്ള സത്യദൈവത്തെ അന്വേഷിച്ചു കണ്ടെത്തേണ്ടതിന്റെ അനിവാര്യത അവൻ മനസ്സിലാക്കുന്നില്ല. അത് പാരമ്പര്യ രീതികൾ മതി എന്ന അപകടകരമായ ചിന്ത! ഈ ലോകജീവിതം ക്ഷണികമാണ്, വെള്ളത്തിലെ കുമിള പോലെ. എന്നാൽ മരണാനന്തര നിത്യത ഒരിക്കലും അവസാനിക്കാതെ, എന്നും എന്നേക്കും ഉള്ളതാണ്. ഇതിന്റെ ഗൗരവം ബോധ്യപ്പെടുത്താനാണ് ആത്മികമായി വീണ്ടും ജനിച്ചു അനുസരണത്തിന്റെ പ്രവൃത്തിയായ സ്നാനം ഏറ്റു ക്രിസ്തുവിനോട് ചേർന്ന് വിശുദ്ധജീവിതം നയിച്ചു, ജീവിതത്തെ നിത്യജീവന്റെ പാതയിലേക്ക് വഴി തിരിച്ചു വിടണം എന്ന് ഈ ലക്കത്തിലെ സന്ദേശം ഊന്നിപ്പറയുന്നത്.

സ്വർഗ്ഗത്തിൽ നിന്ന് വന്നു സ്വർഗ്ഗത്തിലേക്ക് പോയ യേശുകർത്താവ് തന്നെയാണ് സത്യമായ വഴി. മനുഷ്യബുദ്ധിയിലുദിച്ച മതങ്ങൾ ആരെയും സത്യദൈവത്തോടു അടുപ്പിക്കുന്നില്ല. ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും വിരൽ ചൂണ്ടുന്നത് നിത്യതയിലേക്കു തന്നെ. ഈ ലേഖനങ്ങൾ ആത്മാവിന് പോഷണമേകുന്ന സമ്പുഷ്ട ആഹാരം എന്ന് മനസ്സിലാക്കി വീണ്ടും വീണ്ടും ആസ്വദിച്ച് ഭുജിക്കുക. ആത്മാവിൽ കരുത്തോടെ വളരുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് മാന്യവായനക്കാർ സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 13 ലക്കം 4
ഏപ്രിൽ 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**മാമോദീസയുടെ മർമ്മം** **4**
ജോയ് എം. തോമസ്

**രണ്ടിലൊന്നു തീരുമാനിക്കാൻ നേരമായി...** **7**
സാജു മാത്യു

**ദൈവത്തോട് മത്സരമോ?...** **9**
ചെയ്സ് ജോസഫ്

**മരണത്തിന്റെ മേലുള്ള ജീവന്റെ വിജയം** **11**
ജോർജ് മാത്യു, പുതുപ്പള്ളി

**പദ്ധതി നടത്തിപ്പ് കുറ്റമറ്റതാകണം** **13**

**സകലവും നന്മയ്ക്കായി** **14**
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**കൗൺസലിംഗ് വീഥി** **16**
ഡോ. സജികുമാർ കെ. പി.

**യേശുവിന്റെ അടുക്കലേക്കു ഒന്ന് പോയാലോ?** **18**
ഷാന്റു മാത്യു, കല്ലട

**വരിക ജീവന്റെ വചസ്സിലേക്ക്** **20**
സുജ വിനു

**വനിതാ വീഥി** **22**

**ഇളകാത്ത രാജ്യം വരുന്നുവല്ലോ** **24**

**വേദ അധ്യയനം** **25**
ജോയ് എം. തോമസ്

**വാർത്താ വീഥി** **30**

**സമാപ്തിക്കുറിപ്പ്** **31**
എംസി



# മാമോദീസയുടെ മർമ്മം

ക്രിസ്തീയ വിശ്വാസം ക്രിസ്തുവിൽ മാത്രം കേന്ദ്രീകരിച്ചുള്ളതാണ്. യേശുക്രിസ്തു ഏക രക്ഷകനും കർത്താവും ആണെന്ന് ബോധ്യം വന്ന് യേശുവിനെ സ്വീകരിക്കുകയും, അവിടുത്തോട് ചേരുന്നതായി പരസ്യപ്രഘോഷണം ചെയ്യുന്നതിനും ഉള്ള വിശ്വാസത്തിന്റെ ഒരു പ്രവൃത്തി ആയിട്ടാണ് സ്നാനം യേശുകർത്താവ് കൽപ്പിച്ചിരിക്കുന്നത്. മാമോദീസ, ജ്ഞാനസ്നാനം, വിശ്വാസസ്നാനം എന്നിങ്ങനെ പല പേരുകൾ ക്രിസ്തീയ ഗോളത്തിൽ ഉപയോഗത്തിൽ ഉണ്ട്. എന്നാൽ സ്നാനത്തെക്കുറിച്ച് പല തർക്കങ്ങളും നിലനിൽക്കുന്നുമുണ്ട്.

തിരുവചനത്തിൽ സ്നാനത്തിന്റെ ആവശ്യകതയും അർത്ഥവും സ്നാനാർത്ഥിയുടെ യോഗ്യതയും ഒക്കെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. തുറന്ന ഹൃദയത്തോടെ ദൈവവചനം ധ്യാനിക്കുന്ന ആർക്കും അത് ബോധ്യമാകുന്ന കാര്യങ്ങളാണ്. പ്രധാനപ്പെട്ട കാര്യങ്ങളെ തർക്ക വിഷയങ്ങൾ ആക്കി വാദപ്രതിവാദങ്ങൾക്ക് ഇടം ഒരുക്കി മനുഷ്യരെ സത്യത്തിൽ നിന്നും വ്യതിചലിപ്പിക്കുക എന്നത് പിശാചിന്റെ വലിയ ഒരു തന്ത്രമാണ്. ഇത് മനസ്സിലാക്കുന്നവർ തർക്കങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുകയും സത്യം അറിയാനുള്ള ആത്മാർത്ഥതയോടെ ദൈവത്തിൽ ആശ്രയം അർപ്പിച്ച് തിരുവചനം പഠിക്കുകയും ചെയ്യും.

സ്നാനം എപ്രകാരം എന്നതിന് മാതൃകയായി ഒരു സംഭവം വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് എത്യോപ്യനായ ഷണ്ഡന്റെ സ്നാനമാണ്. പ്രവർത്തി 8: 26 – 40 വരെയുള്ള വാക്യങ്ങളിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. സ്നാനത്തെ സംബന്ധിച്ച് ചില ആത്മീയ സത്യങ്ങൾ ഷണ്ഡന്റെ സ്നാനത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു.

എത്യോപ്യനായ ഈ മനുഷ്യൻ ഒരു സത്യാന്വേഷകനായിരുന്നു എന്നതിന് തർക്കമില്ല. യെരുശലേം ദൈവാലയത്തിൽ അദ്ദേഹം എത്തിയതും മടക്കയാത്രയിൽ രഥത്തിൽ ഇരുന്ന് യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുന്നതും അദ്ദേഹത്തിന്റെ സത്യാന്വേഷണത്തിന്റെ തെളിവാണ്. 'സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും യഹോവ സമീപസ്ഥൻ' (സങ്കീർത്തനം 145: 18) എന്നത് ഇവിടെ യാഥാർത്ഥ്യമാകുന്നു. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും (യിരെമ്യാവ് 29: 13) എന്ന് കർത്താവ് അരുളി ചെയ്തിട്ടുണ്ടല്ലോ. പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിച്ച ഈ മനുഷ്യനെ, രക്ഷകനായ യേശുവിനെ കണ്ടെത്തുവാൻ ദൈവം സഹായിച്ചു.

ഫിലിപ്പോസിനെ ശമര്യയിൽ നിന്നും (അവിടെ വലിയ ഉണർവ് നടക്കുന്ന

സമയം) ഈ മനുഷ്യന്റെ അടുക്കലേക്ക് പരിശുദ്ധാത്മാവ് പറഞ്ഞയയ്ക്കുന്നു. പരിശുദ്ധാത്മാവിനാൽ വഴി നടത്തപ്പെടുന്ന സുവിശേഷകർക്ക്, വിശ്വാസികൾക്ക്, സത്യാന്വേഷകരുടെ അടുക്കലെത്തുവാൻ പരിശുദ്ധാത്മാവ് ഇന്നും അവരെ നയിക്കും. യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കുമ്പോൾ ഷണ്ഡന്റെ ഹൃദയത്തിൽ ഒരു ചോദ്യം ഉരുത്തിരിഞ്ഞു വന്നത് വാസ്തവത്തിൽ പരിശുദ്ധാത്മാവ് ആത്മീയ കണ്ണുകളെ തുറക്കുന്നതിനാലാണ്. ഷണ്ഡൻ ചോദിക്കുന്നു, താൻ വായിച്ച വേദഭാഗത്ത് പ്രതിപാദിക്കുന്നത് ആരെക്കുറിച്ചാണ്? ഇത് പ്രവാചകൻ ആരെക്കുറിച്ച് പറയുന്നു? തന്നെക്കുറിച്ചോ അതോ മറ്റൊരുത്തനെക്കുറിച്ചോ? (അപ്പോസ്തല പ്രവർത്തി 8: 34) ഫിലിപ്പോസ് ഈ തിരുവെഴുത്ത് ആധാരമാക്കി യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി.

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നുള്ളത് ദൈവം എക്കാലത്തും തിരഞ്ഞുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ് (സങ്കീർത്തനം 53:2). അങ്ങനെയുള്ള സത്യാന്വേഷ കർക്കുള്ളിൽ പരിശുദ്ധാത്മാവ് വഴികാട്ടിയായി പ്രവർത്തിക്കും. സത്യത്തിന്റെ ആത്മാവ് അവരെ സത്യത്തിലേക്ക് വഴി നടത്തും. സുവിശേഷത്തിന് പ്രതികൂലമായ എത്ര കഠിന സാഹചര്യങ്ങൾ ഉടലെടുത്താലും സത്യാന്വേഷകർക്ക് രക്ഷകനെ കണ്ടെത്തുവാൻ കഴിയും. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് അഥവാ നിർദ്ദേശത്തിന് വിധേയപ്പെടുന്നവർക്ക് പലരെയും രക്ഷകനിലേക്ക് വഴി നടത്തുവാൻ ഭാഗ്യം ഉണ്ടാകും.

ഫിലിപ്പോസ് ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം പങ്കിട്ടതിൽ സ്നാനവും ഉൾപ്പെട്ടിരുന്നു. കാരണം ക്രിസ്തുവിലൂടെയുള്ള രക്ഷ സ്വീകരിച്ച് ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നതിന്റെ പരസ്യപ്രഖ്യാപനവും, അതിന്റെ ബാഹ്യ അടയാളവും ആണ് ക്രിസ്തീയ സ്നാനം. സുവിശേഷം പ്രസംഗിക്കുവാനും വിശ്വസിക്കുന്നവരെ സ്നാനം കഴിപ്പിക്കുവാനും കർത്താവ് കൽപ്പിച്ചിരുന്നു (മത്തായി 28: 19). സുവിശേഷത്തിൽ വിശ്വസിക്കുന്നവർ, ക്രിസ്തുവിനോട് ചേരുവാൻ സ്നാനപ്പെടുക എന്നത് കർത്താവ് വച്ചിരിക്കുന്ന വ്യവസ്ഥയാണ്. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കോസ് 16: 16) എന്ന് കർത്താവ് കൽപ്പിച്ചിരിക്കുന്നു. രക്ഷയ്ക്കുവേണ്ടി

**സത്യത്തിന്റെ ആത്മാവ് അവരെ സത്യത്തിലേക്ക് വഴി നടത്തും. സുവിശേഷത്തിന് പ്രതികൂലമായ എത്ര കഠിന സാഹചര്യങ്ങൾ ഉടലെടുത്താലും സത്യാന്വേഷകർക്ക് രക്ഷകനെ കണ്ടെത്തുവാൻ കഴിയും.**

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ ഭാഗമാണ് സ്നാനം. സ്നാനം ഒഴിച്ചുനിർത്തി ക്രിസ്തുവിലുള്ള വിശ്വാസത്തെ നിർവചിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

അപ്പോസ്തലനായ പത്രോസ് മറ്റ് അപ്പോസ്തലന്മാരുമായി നിന്നുകൊണ്ട് നടത്തിയ ആദ്യ പരസ്യ സുവിശേഷ പ്രസംഗം കേട്ടവരിൽ, ഹൃദയത്തിൽ കുത്തുകൊണ്ടവർ, ഞങ്ങൾ എന്തു ചെയ്യേണ്ടു? (പ്രവർത്തി 2: 37) എന്ന് ചോദിച്ചപ്പോൾ നൽകിയ മറുപടി: നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ (പ്രവർത്തികൾ 2: 38) എന്നായിരുന്നു. മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിച്ച ശൗൽ എന്നും പേരുള്ള പൗലോസിനോട് അനന്യാസ് പറയുന്നത് ശ്രദ്ധിക്കാം: ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകി കളയുക (അപ്പോസ്തല പ്രവർത്തി 22:16). യേശുക്രിസ്തുവിൽ വിശ്വസിച്ച്, അവിടുത്തെ പാപപരിഹാര ബലിയായ ക്രൂശിലെ മരണത്താൽ നമുക്ക് സൗജന്യമായി ലഭിക്കുന്ന പാപമോചനം സ്വീകരിക്കുന്നതിന്റെ പരസ്യ പ്രഖ്യാപനവും, അടയാളവുമായി സ്നാനം സ്വീകരിക്കുന്നു. ഇത് ക്രിസ്തുവിൽ ഉള്ള വിശ്വാസം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന അനുഷ്ഠാനമാണ്.

സുവിശേഷം കേൾക്കുകയും ക്രിസ്തു തനിക്കാരാണ് എന്നും തനിക്കായി എന്തു ചെയ്തു എന്നും ബോധ്യം വന്ന ഷണ്ഡൻ, സ്നാനം സ്വീകരിച്ച് ക്രിസ്തുവിൽ ഉള്ള വിശ്വാസം ഏറ്റുപറഞ്ഞ് ക്രിസ്തുവിനോട് ചേരുന്നതിന്റെ ആവശ്യകത മനസ്സിലാക്കി. ഷണ്ഡൻ ഫിലിപ്പോസിനോട് ചോദിക്കുന്നു: 'ഇതാ വെള്ളം, ഞാൻ സ്നാനമേൽക്കുന്നതിന് എന്ത് വിരോധം' (8: 36).

ഫിലിപ്പോസ് ഷണ്ഡനോട്: 'ഇതാ വെള്ളം, ഇനി നിനക്ക് സ്നാനപ്പെട്ടു കൂടെ?' എന്ന് ചോദിക്കുകയോ, നിർബന്ധിക്കുകയോ ചെയ്തില്ല. സ്നാനം അങ്ങനെ നടത്തേണ്ട ശുശ്രൂഷ അല്ല. അങ്ങനെചെയ്താൽ സ്നാനപ്പെടുന്ന വ്യക്തിക്ക് യാതൊരു പ്രയോജനവുമില്ല. ഇത് നാം വളരെ ഗൗരവമായി മനസ്സിലാക്കേണ്ടതാണ്. സ്നാനത്തിന്റെ ആവശ്യകത മനസ്സിലാക്കി സ്നാനപ്പെടുവാൻ സ്വയം തയ്യാറാകണം. ക്രിസ്തുവിൽ ഉള്ള വിശ്വാസം യഥാർത്ഥമായും ഒരുവനിൽ ഉണ്ടായാൽ സ്നാനത്തിനായി ആ വ്യക്തി ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യും. അപ്രകാരം സ്വയം വിശ്വസിച്ച്, സമർപ്പിച്ച് തയ്യാറാകണം.

സ്നാനപ്പെടുവാനുള്ള യോഗ്യത യേശുക്രിസ്തുവിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുക എന്നതാണ്. ഫിലിപ്പോസ് ഷണ്ഡനു കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: 'നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം' (പ്രവൃത്തി 8: 37). ആത്മീയ കാര്യങ്ങളിൽ എല്ലാം വിശ്വാസം അതിപ്രധാനമായതാണ്. 'വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല' (എബ്രായർ 11: 6). 'വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതു ഒക്കെയും പാപമാണ്'(റോമർ 14: 23). സ്നാനാർത്ഥി പൂർണ്ണഹൃദയത്തോടെ ക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തി ആയിരിക്കണം എന്നത് വചനവ്യവസ്ഥയാണ്. 'വിശ്വസിക്കുകയും, സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും' എന്നത് ക്രിസ്തുവിന്റെ വചനങ്ങൾ ആണ്.

പാരമ്പര്യസഭകളിൽ ശിശുസ്നാനവും, വേർപെട്ട സഭകളിൽ മുതിർന്നവരുടെ സ്നാനവും എന്ന നിലയിൽ ആയിപ്പോയിരിക്കുന്നു. ഇത് രണ്ടുമല്ല, മറിച്ചു വിശ്വാസസ്നാനമാണ് ശരി. ക്രിസ്തുവിൽ വിശ്വസിച്ച് യഥാർത്ഥമായും ക്രിസ്തുവിനെ കർത്താവായി ഏറ്റുപറഞ്ഞ് സ്വീകരിച്ച് സ്നാനമേൽക്കുന്നവരുടെ എണ്ണം കുറഞ്ഞുപോയിരിക്കുന്നു എന്നതാണ് വാസ്തവം. ഈ കാര്യത്തിൽ ഒരു ആത്മപരിശോധന നമുക്ക് ആവശ്യമാണ്.

യേശുക്രിസ്തു ദൈവപുത്രൻ എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് ഏറ്റുപറഞ്ഞാണ് ഷണ്ഡൻ സ്നാനം സ്വീകരിച്ചത്. അപ്രകാരമാണ് സ്നാനപ്പെടേണ്ടതും. യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളോട് ഏകീഭവിച്ച് ക്രിസ്തുവിനോടു ചേരുകയാണ് സ്നാനത്തിൽ ചെയ്യുന്നത്. അത് വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയാണ്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3: 27) എന്നു തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

സ്നാനം കഴിഞ്ഞ് കയറിയപ്പോൾ പരിശുദ്ധാത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി. ഷണ്ഡൻ പിന്നെ ഫിലിപ്പോസിനെ കണ്ടതേയില്ല. ഷണ്ഡൻ അതുകൊണ്ട് ദു:ഖിതനായില്ല. അവൻ സന്തോഷിച്ചുകൊണ്ട് തന്റെ വഴിക്ക് പോയി (8:39). യഥാർത്ഥമായും സ്നാനത്താൽ ക്രിസ്തുവിനോട് ചേർന്നവർക്ക് സന്തോഷം ഉണ്ടായിരിക്കും. ക്രിസ്തുവിൽ ആയിത്തീർന്നതിന്റെ സന്തോഷം; രക്ഷയുടെ സന്തോഷം! ആത്മീയ ജീവിതത്തിന്റെ സന്തോഷം അതുതന്നെയാണ്. ഈ ആത്മീയ അനുഭവത്തിൽ നിലനിൽക്കുന്നവരാണ് യഥാർത്ഥ ദൈവമക്കൾ. •

**സ്നാനം ഏൽക്കുന്ന വ്യക്തി പഴയ ജീവിതത്തോട് യാത്ര പറഞ്ഞു ക്രിസ്തുവിനോട് ചേർന്ന് ഒരു പുതിയ ആത്മിക ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ദൈവത്തിന്റെ അതിരറ്റ കൃപയാൽ പാപങ്ങളെയും പരാജയങ്ങളെയും ക്ഷമിച്ചു തന്നതിന്റെ ഹൃദയം നിറഞ്ഞു കവിയുന്ന നന്ദിയാൽ ദൈവത്തിന്റെ പരമവിളിയുടെ ലാക്കിലേയ്ക്ക് ശ്രദ്ധയോടെ ഓടാം. ഒരിക്കലും ധൈര്യഹീനരാകാതിരിക്കുക. കർത്താവിനോടുള്ള ആത്മബന്ധത്തിൽ നടക്കുന്നവർക്ക് മാത്രം ലഭ്യമാകുന്ന ഉന്നതവും ഉത്തമവുമായ ആത്മിക അനുഗ്രഹങ്ങളെ എത്തിപ്പിടിക്കുവാൻ ഉത്സാഹിക്കുക. എന്തുകൊണ്ട് ഈ പ്രായോഗിക ആത്മിക നിർദ്ദേശങ്ങൾ ജീവിത ലക്ഷ്യമായി സ്വീകരിച്ചു കൂടാ?...**



സാജു മാത്യു

# രണ്ടിലൊന്നു തീരുമാനിക്കാൻ നേരമായി...

ജീവിതത്തിൽ ചിലപ്പോഴെങ്കിലും കഠിനമായ ചില തീരുമാനങ്ങളെടുക്കാൻ നാം നിർബന്ധിതരാകുന്നു. ഒന്നിനെ ഉപേക്ഷിച്ചു മറ്റൊന്നിനെ നമുക്കു സ്വീകരിക്കേണ്ടിവരുന്നു. അക്രൈസ്തവമതങ്ങളിൽ നിന്ന് ക്രിസ്തീയ മാർഗത്തിലേക്കു വരുന്നവർ എപ്പോഴും ഇങ്ങനെയൊരു തീരുമാനമെടുക്കേണ്ടിവരുന്നു. ഇനി ഞാൻ സേവിക്കുന്നതു വിഗ്രഹങ്ങളെയും കുലദൈവങ്ങളെയുമല്ല... യേശുവിനെ, യേശുവിനെ മാത്രം! അവർ ഒരു ലോകം വിട്ട് മറ്റൊരു ലോകത്തിലേക്കു കടക്കുകയാണ്. യേശുവിനെയും വിഗ്രഹത്തെയും അവർക്കു ഒരേസമയം നമസ്കരിക്കാൻ പറ്റില്ല. യേശുവിനെ ദൈവമാക്കിയവർ പോലും അവരുടെ വിശ്വാസയാത്രയിലെപ്പോഴെങ്കിലും മറ്റൊരു ദൈവത്തെ ഉള്ളിൽ കയറ്റിയാൽ അപ്പോൾ തന്നെ അവർക്ക് ദൈവസന്നിധിയിലുള്ള പ്രാഗത്ഭ്യം  നഷ്ടപ്പെടുന്നു. അതിപ്പോൾ വിഗ്രഹം തന്നെ ആകണമെന്നില്ല: പണമോ (മാമോൻ) സൗന്ദര്യമോ (വീനസ്) ശക്തിയോ (അപ്പോളോ) ഒക്കെയാകാം... എല്ലാം അന്യദൈവങ്ങൾ തന്നെ.

യിസ്രായേൽമക്കൾ യഹോവയോടൊപ്പം ബാലിനെയും കൂട്ടുപിടിച്ചപ്പോൾ ദൈവം തന്റെ പ്രവാചകനെ അയച്ചു പറഞ്ഞു:''നിങ്ങൾ എത്രത്തോളം രണ്ടുതോണിയിൽ കാൽവയ്ക്കും? യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ" (1 രാജാക്കന്മാർ 18:21). അതായത് "വേണ്ട വേണ്ട... കൂട്ടുകച്ചവടം വേണ്ട... യഹോവ ദൈവമെങ്കിൽ അവനെ അനുഗമിക്കുക... ബാൽ എങ്കിലോ, അവനെ" എന്ന് സാരം.

ഇക്കാര്യത്തിൽ ബൈബിളിലെ ദൈവം ധന്യനായ ഒരു ഏകാധിപതിയാണ്. മറ്റാരുമായും ഭരണം പങ്കുവയ്ക്കാത്ത ആൾ! അതിനാൽ യിസ്രായേൽമക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ജനനം മുതൽ പറഞ്ഞുപഠിപ്പിച്ചിരുന്ന വിശ്വാസപ്രമാണം യഹോവയുടെ അപ്രമാദിത്വമായിരുന്നു: "യിസ്രായേലേ കേൾക്ക! യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ" (ആവ. 6:4). ഒരു കഥയിലെ കുട്ടി പറയുന്നതുപോലെ, "ഒറ്റ ദൈവമേയുള്ളൂ... ആ ദൈവം പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കു

**ബൈബിളിലെ ദൈവം ധന്യനായ ഒരു ഏകാധിപതിയാണ്. മറ്റാരുമായും ഭരണം പങ്കുവയ്ക്കാത്ത ആൾ! അതിനാൽ യിസ്രായേൽമക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ജനനം മുതൽ പറഞ്ഞുപഠിപ്പിച്ചിരുന്ന വിശ്വാസപ്രമാണം യഹോവയുടെ അപ്രമാദിത്വമായിരുന്നു:**

കയാണെങ്കിൽ പിന്നെ വേറൊരു ദൈവത്തിന് ഇടമെവിടെ?".

ദൈവം പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നു. അതുപോലെ ദൈവം തന്റെ ജനത്തിന്റെ ജീവിതത്തിലും എല്ലാ മണ്ഡലങ്ങളിലും നിറഞ്ഞുനിൽക്കണം. എന്റെ ജീവിതത്തിൽ മുഴുവനായും യേശു നിറഞ്ഞുനിന്നാൽ പിന്നെ അന്യദൈവങ്ങൾക്ക് എന്നിലേക്കു പ്രവേശിക്കാൻ ഇടമുണ്ടാവുകയില്ല. അതുകൊണ്ടാണ് ഞാൻ യേശുവിനെ ''പൂർണ്ണഹൃദയത്തോടും പൂർണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണ്ടത്'' (ആവർത്തനം 6:5). യേശുവിനെക്കൊണ്ടു പൂർണ്ണമായും നിറഞ്ഞുനിൽക്കുന്ന ഹൃദയത്തിലും മനസ്സിലും മറ്റൊന്നിനും കടന്നുകൂടാനാകില്ല. യേശുവിനായി സമർപ്പിക്കപ്പെട്ട മുഴുശക്തിയിൽ നിന്ന് ഒരംശംപോലും മറ്റാർക്കുമായും ചോർന്നുപോവില്ല!

എന്നാൽ യിസ്രായേൽമക്കൾ പലപ്പോഴും യഹോവയ്ക്ക് അവരുടെ മുഴുഹൃദയവും മുഴുമനസ്സും പൂർണ്ണശക്തിയും കൊടുത്തില്ല. അവർ ഹൃദയത്തിൽ ബാലിന് ഇടംകണ്ടെത്തി. മനസ്സ് അശേരയെക്കൊണ്ടു നിറച്ചു; ശക്തി വിഗ്രഹങ്ങൾക്കായി ചോർത്തിക്കൊടുത്തു. യഹോവയ്ക്ക് അത് സഹിക്കുവാൻ കഴിയുമായിരുന്നില്ല. യഹോവ യിസ്രായേലിനെ സ്നേഹിച്ചു. അവർ തെറ്റിപ്പോയപ്പോഴും അവരെ സ്നേഹിച്ചു; അവരെ മടക്കിക്കൊണ്ടുവരാൻ പ്രവാചകരെ അയച്ചു. യിസ്രായേലിന്റെ സകലകഷ്ടങ്ങളുടെയും കാരണം രാജാവും ജനങ്ങളും യഹോവയുടെ കല്പനകളെ ഉപേക്ഷിച്ചതും ബാൽ വിഗ്രഹങ്ങളെ സേവിച്ചതുമാണെന്ന് ഏലീയാവ് ആഹാബിനോടു പറഞ്ഞു (1 രാജാക്കന്മാർ 18:18).

"എന്നാൽ ഇപ്പോൾ ആളയച്ച് എല്ലാ യിസ്രായേലിനെയും ബാലിന്റെ നാനൂറ്റൻപതു പ്രവാചകന്മാരെയും ഈസെബേലിന്റെ മേശയിങ്കൽ ഭക്ഷിച്ചുവരുന്ന നാനൂറ് അശേരപ്രവാചകന്മാരെയും കർമേൽ പർവതത്തിൽ എന്റെ അടുക്കൽ കൂട്ടിവരുത്തുക" (1 രാജാക്കന്മാർ 18:19) ഏലീയാവ് ആഹാബിനോടു കല്പിച്ചു!

കർമേലിൽ രണ്ടു ശക്തികൾ! കർമേൽ ചേരി തിരിഞ്ഞുള്ള ഒരു മത്സരത്തിനു വേദിയായി! ബാലിന്റെ നാനൂറ്റമ്പതു പ്രവാചകന്മാരെത്തി... ഒരുപക്ഷെ ആരെയും ആകർഷിക്കാൻ പോന്ന ഒരു പ്രവാചകനിര! രാജകീയ വസ്ത്രം ധരിച്ച് തടിച്ചുരുണ്ട് മുഖകാന്തിയുള്ളവർ... ജനപിന്തുണയും അവർക്ക്!

എതിരെ നിൽക്കുന്നത് യഹോവയുടെ പ്രവാചകൻ! ഒരൊറ്റയാൾ. മാനുഷികമായി നോക്കിയാൽ ആകർഷകമായി ഒന്നുമില്ല. രോമവസ്ത്രം ധരിച്ച് അരയ്ക്ക് തോൽവാറു കെട്ടിയവൻ (2 രാജാക്കന്മാർ 1: 7,8). ഉണ്ണാനിരുന്നാലും ഉത്സവം നടന്നാലും ഏലീയാവിന്റെ വേഷം അതുതന്നെ! വസ്ത്രത്തിന്റെ പകിട്ട് സത്യത്തിന്റെ നിറവാകണമെന്നില്ല. പലപ്പോഴും സത്യദൈവത്തിന്റെ പ്രവാചകന് ധൂമ്രവസ്ത്രവും പകിട്ടും പത്രാസുമൊന്നും കാണണമെന്നില്ല. അതൊക്കെ പലപ്പോഴും വ്യാജ ആത്മികതയുടെ പ്രചാരകർക്കായിരിക്കും.

സ്വയം ഒരുങ്ങിച്ചമഞ്ഞു നടക്കുന്ന, പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ വിരാജിക്കുവാൻ കൊതിക്കുന്ന ബാൽ പ്രവാചകന്മാരാണ് ഇന്നും ശമര്യയിലെ കൊട്ടാരം നിറയ്ക്കുന്നത്. ഒരു പരിധിവരെ ജനപിന്തുണയും അവർക്കുതന്നെ. പ്രിയമുള്ളവരെ, കൊട്ടാരത്തിൽ കഴിയുന്നവൻ ദൈവത്തിന്റെ പ്രവാചകനും കാട്ടിൽ കഴിയുന്നവൻ ദൈവപ്രസാദത്തിനു പുറത്തുള്ളവൻ എന്നും ഇനിയെങ്കിലും ചിന്തിക്കരുതേ! മിക്കപ്പോഴും യഥാർഥ ആത്മീയതയുടെ പ്രവാചകൻ കൊട്ടാരത്തിന് അനഭിമതനായിരിക്കും. അങ്ങനെയുള്ളവരെ ''ഭരണത്തിന്റെ സിരാകേന്ദ്ര''ത്തിൽ കാണാനാ കഴിയില്ല.

എന്നാൽ, ജനത്തിന് അനാകർഷകനെങ്കിലും യഹോവയുടെ പ്രവാചകൻ നിർഭയനായിരുന്നു. നാനൂറ് ബാൽ പ്രാവാചകന്മാരെയും അനുസരിപ്പിക്കുവാൻ പോന്ന ആജ്ഞാശക്തിയുടെ തീക്ഷ്ണത ആ കണ്ണുകളിലുണ്ടായിരുന്നു. ഏലീയാവിന്റെ വാക്കുകളോടെതിർക്കാൻ രാജാവിനുപോലും ശക്തിയില്ലായിരുന്നു.

കൊട്ടാരത്തിൽ കഴിയുന്ന പ്രവാചകന് പലപ്പോഴും രാജാവിനോടു കല്പിക്കാനുള്ള ശക്തിയില്ല. അവൻ ആശ്രിതനാണ്. കൊട്ടാരത്തിൽ നിന്ന് അകന്നു കഴിയുന്നവനാണ് ആത്മശക്തിയുള്ളത്. അങ്ങനെയുള്ളവരെ 'ഒതുക്കാൻ' ഒരുപക്ഷെ ആഹാബ് കൊട്ടാരത്തിൽ മുറിയൊരുക്കി പട്ടുമെത്ത വാഗ്ദാനം ചെയ്തെന്നിരിക്കും. പോകരുത്! ജാഗ്രതൈ!

ഏലീയാവ് ജനത്തോടു പറഞ്ഞു: രണ്ടിലൊന്നു തീരുമാനിക്കാൻ നേരമായി... യഹോവയെയോ ബാലിനെയോ? ആരെ നിങ്ങൾ അനുഗമിക്കും? എന്തായാലും രണ്ടുതോണിയിലെ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# ദൈവത്തോട് മത്സരമോ?...

ദൈവത്തെ പരീക്ഷിക്കാൻ മനുഷ്യന് എങ്ങനെയാണ് തോന്നുന്നത്? അതിന്റെ കാരണം അവന്റെ അവിശ്വാസം ആണ് എന്നത് ഉറപ്പാണല്ലോ. പഴയ ഉടമ്പടിയുടെ അപര്യാപ്തതയും അതായിരുന്നു. വിശ്വാസത്തിന്റെ സ്വസ്ഥത അവർക്ക് നൽകുവാൻ അത് മതിയായതായിരുന്നില്ല. വിശ്വാസം ഇല്ലാത്ത ഹൃദയം, കഠിനഹൃദയം ആണ്, അതിന്റെ ശത്രുത ദൈവത്തോടാണ്. ദൈവത്തോട് മത്സരിച്ചു, ദൈവത്തെ പരീക്ഷിച്ചു, സ്വയം തോൽക്കുക എന്നതാണ് മനുഷ്യന്റെ സ്ഥിരം അവസ്ഥ.

എബ്രായലേഖനം മൂന്നാം അധ്യായം പൂർണ്ണമാകുന്നതിനു മുൻപ് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം അതിന്റെ പശ്ചാത്തലം ആണ്. ചരിത്രപരമായ പശ്ചാത്തലം അല്ല, പിന്നെയോ, ലേഖനത്തിൽ നിന്നുതന്നെ വെളിവായി വരുന്ന ഉപദേശപരമായ പശ്ചാത്തലം ആണ്. അന്ന് വിശ്വാസികൾ വളരെ കഠിനമായ ശോധനകളിലൂടെ കടന്നുപോകുന്ന സമയം. ഒരു പക്ഷെ റോമൻ പീഡനവും ആ സമയത്തിനകം ആരംഭിച്ചിരുന്നിരിക്കാം. ചുറ്റും ശത്രുക്കൾ നിറയുകയും പീഡനം വർധിക്കുകയും ചെയ്യുമ്പോൾ മടങ്ങി പോയേക്കാം എന്ന് യഹൂദമതത്തിൽ നിന്നും വന്ന പല വിശ്വാസികളും ചിന്തിച്ചു തുടങ്ങിയിരുന്നു. ഇന്ന് ഇന്ത്യയിൽ ഒരു പാർട്ടി പ്രബലം ആകുമ്പോൾ മറ്റു പാർട്ടികളിൽ നിന്ന് ആളുകൾ അങ്ങോട്ട് ഒഴുകുന്നത് കാണുന്നുണ്ടല്ലോ. ഇവിടെ യഹൂദമതം പ്രത്യേകമായി ശക്തിപ്പെട്ടൊന്നുമില്ലെങ്കിലും ക്രിസ്ത്യാനിയുടെ കഷ്ടപ്പാടുകൾ വച്ച് നോക്കുമ്പോൾ യഹൂദമതസ്ഥർ ആദ്യകാലങ്ങളിൽ വളരെ ഭേദമായ ഒരു സാഹചര്യത്തിൽ ആണ് ജീവിച്ചിരുന്നത്.

പഴയ ഉടമ്പടിയുടെ നിരർത്ഥകതയും അതിൽ നിറഞ്ഞു നിൽക്കുന്ന ദൈവക്രോധവും, തികവില്ലായ്മയും ശിക്ഷാവിധിയുടെ നിശ്ചയവും എബ്രായ വിശ്വാസികളെ ബോധ്യപ്പെടുത്തുക എന്നതാണ് ലേഖനത്തിന്റെ പ്രധാന ഉദ്ദേശ്യം തന്നെ. കഠിനഹൃദയവും ദൈവക്രോധവും ഒന്നിച്ചു പോകുന്ന കാര്യങ്ങൾ ആണ്.

ഒരു തലമുറയോട് മുഴുവൻ ദൈവത്തിനു നീരസം ഉണ്ടായി എന്ന് പത്താം വാക്യത്തിൽ കാണുന്നു. തെറ്റി പോകുന്ന ഹൃദയം ഉള്ളവർ എന്നാണ് ദൈവം അവരെ വിശേഷിപ്പിച്ചത്. അതുകൊണ്ട് അവർ ദൈവത്തിന്റെ സ്വസ്ഥതയിൽ ഒരിക്കലും പ്രവേശിക്കുകയില്ല എന്ന് ദൈവം ആണയിട്ടു പ്രസ്താവിക്കുന്നു.

അതുകൊണ്ട് വിശ്വാസത്തിൽ ഉള്ളവരോട് പറയുന്നു, നിങ്ങൾ ഒരിക്കലും സ്വസ്ഥത ലഭിക്കാത്ത, ദൈവക്രോധം മാത്രം വെളിപ്പെടുന്ന ആ പഴയതിലേക്കു തിരിഞ്ഞു പൂർവപിതാക്കന്മാരെ പോലെ ദൈവത്തോട് മത്സരിക്കുന്ന കഠിനഹൃദയം ഉള്ളവരാകരുത് എന്ന്.

ഇവിടെയും അപ്പോസ്തലൻ പറയുന്നത്, ആദ്യവിശ്വാസം അവസാനം വരെ പിടിച്ചുകൊണ്ടാൽ നിങ്ങൾക്കു ലഭിക്കുന്നത് ക്രിസ്തുവിന്റെ പങ്കാളിത്തം ആണ്. എന്നാൽ ഇടയിൽ വിശ്വാസത്തിന്റെ യാത്ര വിട്ടു കഠിനഹൃദയർ ആയാൽ നാം തെറ്റി പോകുന്ന ഹൃദയം ഉള്ളവരും. സമാധാനം പ്രാപിക്കാത്തവരും ദൈവത്തിന്റെ ശത്രുക്കളും ആയി മാറും. ഇത് തികച്ചും തെറ്റായ ഒരു ആരാധനാവ്യവസ്ഥയിലേക്കു തിരികെ പോകുന്നതിനെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പാണ്. ഇന്നും അനേകർ സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷവും പൗരോഹിത്യ സഭകളിൽ തുടരുന്നതായി കാണാം. കത്തോലിക്ക,

ഓർത്തഡോക്സ് സഭകളിൽ രക്ഷ എന്നത് കൂദാശകളിലൂടെ എന്ന് പഠിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ഏകയാഗത്താൽ എന്നെന്നേയ്ക്കുമായി നമുക്ക് പാപമോചനം വന്നിരിക്കുന്നു എന്ന് വിശ്വസിക്കുമ്പോൾ ക്രിസ്തു എന്ന ഏക മധ്യസ്ഥനിലേക്കും ഏക മഹാപുരോഹിതനിലേക്കും ആണ് വിശ്വസിക്കുന്നവർ നോക്കുന്നത്. എന്നാൽ മനുഷ്യഭയം കാരണം, കൂടെക്കൂടെ ആവർത്തിക്കപ്പെടുന്ന അഹരോന്യ യാഗങ്ങളിലേക്കു അതായത് പാരമ്പര്യ അനുഷ്ഠാനങ്ങളിലേക്കു വീണ്ടും വീണ്ടും നോക്കുന്ന ഒരു സാഹചര്യം ഇന്നുണ്ട്. രക്ഷയുടെ ഏറ്റുപറച്ചിൽ നല്ല ബോധ്യത്തോടും ധൈര്യത്തോടും ആവണം.

ഓർത്തഡോക്സ് യാക്കോബായ സഭകൾ ആവട്ടെ ഞങ്ങൾ അഹരോന്യ പൗരോഹിത്യത്തെ ആശ്രയിക്കുന്നവർ എന്ന് വ്യക്തമായി പറയുകയും പാടുകയും ചെയ്യുന്നു. എന്നാൽ ഇന്ന് അനേകം സഹോദരിമാർ ഭർതൃനിയമത്തിൽ ബദ്ധരായിരിക്കുന്നതിനാൽ അവർ സ്വാതന്ത്ര്യം ഇല്ലാത്തവർ ആണ്. ഒരു പക്ഷെ സ്വതന്ത്രമായി വേദപുസ്തക അടിസ്ഥാനത്തിൽ ഉള്ള ഒരു സഭയിൽ കൂടി വരുവാൻ സാധിക്കാത്ത അവസ്ഥ അവർക്കു ഉണ്ടായിരിക്കാം. എന്നാലും ഹൃദയം കൊണ്ട് അഹരോന്യപൗരോഹിത്യ വ്യവസ്ഥകളെ അനുകൂലിക്കുമ്പോൾ അസ്ഥിരവും ദൈവക്രോധം നിറഞ്ഞതുമായ പഴയ വഴികളെ ആശ്ലേഷിക്കുകയാണ് ചെയ്യുന്നത്.

നാം പഴയനിയമ ഉപദേശങ്ങളിലേക്കും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലും കർമ്മങ്ങളാലും ഉള്ള മതത്തിലേക്കും തിരിയുമ്പോൾ ഈ അനുഷ്ഠാനങ്ങളാൽ യാതൊരു രൂപാന്തരവും സംഭവിക്കുന്നില്ല എന്ന് മാത്രമല്ല, നമ്മുടെ ബലഹീനതകൾ ആണ് മറവില്ലാതെ വെളിയിൽ വരുന്നത്. പാപത്താൽ ഒരുവൻ മരിച്ചവൻ ആയിരിക്കെ ദൈവകോപത്തിന്റെ പാത്രം ആയി മാത്രം കാണപ്പെടുന്നു. അവന്റെ ചഞ്ചല ഹൃദയം അവനെ ദൈവത്തിന്റെ ശത്രു ആക്കി മാറ്റുന്നു. കാരണം ഈ വക അനുഷ്ഠാനങ്ങളാൽ അവൻ എത്ര വലിയ ശത്രു എന്ന് മാത്രമേ തെളിയുന്നുള്ളു.

മോശെയുടെ പ്രമാണം കൊണ്ട് ആരും നീതീകരിക്കപ്പെട്ടില്ല എന്ന് നാം റോമാ ലേഖനത്തിൽ കണ്ടുവല്ലോ. ഇവിടെയും അപ്പോസ്തലൻ അങ്ങനെ തന്നെ ആണ് പറയുന്നത് (എബ്രായർ 3:16). ദൈവത്തോട് മത്സരിച്ചവർ ആരാകുന്നു? മോശെ മുഖാന്തരം പുറപ്പെട്ടു വന്നവർ എല്ലാവരുമല്ലോ. ഈ വാക്യത്തിൽ ഒരു പ്രശ്നം ഉൾക്കൊള്ളുന്നുണ്ട്. അത് 'എല്ലാവരും' എന്ന പ്രയോഗം ആണ്.

എല്ലാവരും ദൈവത്തോട് മത്സരിച്ചോ? തീർച്ചയായും. പക്ഷെ ചിലതൊന്നും ദൈവം തന്റെ കരുണയിൽ മരണകാരണം ആയി എടുത്തില്ല. മോശെ പോലും ദൈവത്തോട് മത്സരിച്ചാണ് ബാലശിക്ഷ ഏറ്റുവാങ്ങുന്നത്. അത്ര ദു:ഷ്കരവും പ്രലോഭനങ്ങൾ നിറഞ്ഞതും ആയിരുന്നു മരുഭൂമിയിലൂടെ അവർ നടത്തിയ യാത്ര, ഇനിയും പഴയ വ്യവസ്ഥയിലേക്കു മടങ്ങിയാൽ, ഒരു കഠിനഹൃദയവും മത്സരവും അതിനുള്ള ശിക്ഷാവിധിയും മാത്രം ആയിരിക്കും അവശേഷിക്കുന്നത്.

എല്ലാവരും മത്സരിച്ചു എന്ന പ്രയോഗം, പാപം മനുഷ്യനെ എത്ര ഗതികേടിലും മരണത്തിലും ആക്കിയിരിക്കുന്നു എന്നതാണ് കാണിക്കുന്നത്, ആർക്കും മത്സരിക്കാതിരിക്കാൻ കഴിഞ്ഞില്ല. കാരണം എപ്പോഴും മനുഷ്യർക്ക്, പ്രത്യേകിച്ച് നന്മ ചെയ്തു നിയമം അനുസരിച്ചു ജീവിക്കുന്നവർക്ക്, ദൈവത്തോട് കണക്കു ചോദിക്കുന്ന ഒരു സ്വഭാവം ഉണ്ട്. ഞാൻ എത്ര വിശ്വസ്തനായി അങ്ങയെ സേവിച്ചു, എന്നിട്ടും എനിക്ക് എന്തിനാണ് ഈ കഷ്ടം തന്നത് എന്ന് ആളുകൾ പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? എന്ത് കൊണ്ടാണ് അങ്ങനെ തോന്നുന്നത്, എന്നെ പോലെ നീതിമാനായ ഒരാളോട് ദൈവം നീതി കാണിക്കാത്തത് എന്ത് എന്നുള്ള ചോദ്യമാണത്. സങ്കീർത്തനത്തിൽ പലയിടത്തും നീതിമാന്റെ ഇത്തരത്തിലുള്ള നിലവിളി കേൾക്കാം. അവിടെ എല്ലാം ദൈവം അതിനു മറുപടി പറയുന്നുമുണ്ട്.

മത്സരം എന്ന് പറയുന്നത്, പ്രവൃത്തികളാൽ നീതീകരിക്കപ്പെടാൻ ശ്രമിക്കുന്നവർക്ക്, ന്യായപ്രമാണത്തിന്റെ, കർമ്മാചാരങ്ങളുടെ പുറകെ പോകുന്നവർക്ക്, ഒഴിവാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇത്രയും ശക്തമായ മുന്നറിയിപ്പുകൾ ഈ ലേഖനത്തിലൂടെ അപ്പോസ്തലൻ നൽകുന്നത്. ആരോടാണ് ദൈവം ക്രുദ്ധിക്കുന്നത്? പാപം ചെയ്തവരോട് അല്ലേ? (എബ്രായർ 3: 17) എല്ലാവരും മത്സരിച്ചു എങ്കിൽ എല്ലാവരും പാപം ചെയ്തു. എല്ലാവരോടും ദൈവം ക്രുദ്ധിച്ചു, കാരണം ദൈവത്തിനു പാപത്തെ ശിക്ഷിക്കാതെ വെറുതെ വിടാൻ കഴിയുകയില്ല. ദൈവത്തിന്റെ നീതി നിവർത്തിയാകുന്നത് പാപത്തിനു ശിക്ഷ വിധിക്കുമ്പോഴാണ്.

ശേഷം പേജ് 13 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# മരണത്തിന്റെ മേലുള്ള ജീവന്റെ വിജയം

**നാ**ശരഹിതവും വിജയപൂർണ്ണവുമായ ദൈവശക്തിയുടെ ഉദാത്തവും അപ്രമാദിത്യപരവുമായ ഒരു ചിത്രമെഴുത്താണ് യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്. ആദിമ ക്രൈസ്തവസഭയുടെയും അപ്പൊസ്തലന്മാരുടെയും ആത്യന്തികലക്ഷ്യം യേശുവിന്റെ സാന്നിദ്ധ്യത്തെയും ശക്തിയെയും ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു.

ആദിമകാലങ്ങളിൽ ഇന്നത്തെപ്പോലെ മരിച്ചു മണ്മറഞ്ഞ ചരിത്ര പുരുഷന്മാരെക്കുറിച്ചുള്ള അപദാനങ്ങളല്ല, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവുമായുള്ള ജീവനുറ്റ സാന്നിദ്ധ്യബോധം സൃഷ്ടിക്കുക എന്ന പ്രക്രിയയാണ് അവലംബിച്ചു വന്നിരുന്നത്. യേശു തന്നെയാണ് വരുവാനുള്ള രക്ഷകൻ എന്നുള്ളതിന്റെ അന്തിമ തെളിവായിട്ടാണ് പൗലൊസ് അപ്പൊസ്തലൻ പുനരുത്ഥാനത്തെ വീക്ഷിച്ചതും പ്രസ്താവിച്ചതും. വരാൻ പോകുന്ന മശിഹയായി മാത്രമേ യഹൂദർക്ക് യേശു എന്ന രക്ഷകനെ കാണാൻ സാധിക്കുമായിരുന്നുള്ളൂ. യഹോവ അയയ്ക്കുന്ന അഭിഷിക്തനു വേണ്ടി അവർ ആകാംക്ഷയോടെ കാത്തിരിക്കുകയുമായിരുന്നു.

ദൈവത്താൽ അയയ്ക്കപ്പെടുന്ന മശിഹയെക്കുറിച്ച് അവർക്കുണ്ടായിരുന്ന സകല പ്രതീക്ഷകളും കണക്കുകൂട്ടലുകളും ക്രൂശിൽ മരിച്ച യേശുക്രിസ്തു തകർത്തുകാണണം. എന്നാൽ മരണത്തെ ചവിട്ടി മെതിച്ച് ഉയിർത്തെഴുന്നേറ്റതിലൂടെ അവരുടെ സ്വപ്നങ്ങൾക്കും വിലയിരുത്തലുകൾക്കും അതീതനായ മശിഹയായി യേശു വെളിപ്പെടുകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം.

പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും അലിഖിതമായ ക്രിസ്തീയ വായ്മൊഴിയെന്ന് കരുതപ്പെടുന്നതുമായ മനോഹരമായ ഒരു ചൊല്ല് യെരുശലേമിൽ ഇന്നും നിലവിലുണ്ട്: കല്ല് ഉയർത്തിയാൽ നിനക്ക് എന്നെ കാണാം. മരം അടർത്തിയാൽ ഞാൻ അവിടെയുണ്ടാകും. ആ ചൊല്ലിന്റെ അർത്ഥം കഠിനാദ്ധ്വാനിയായ കല്പണിക്കാരന്റെയും, സത്യാന്വേഷിയായ തച്ചന്റെയും കൂടെ ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു ഉണ്ടാകും എന്നത്രെ. ജീവിതത്തിന്റെ ഓരോ ചുവടുവയ്പിലും ജീവിക്കുന്ന കർത്താവിന്റെ കരം പിടിച്ചുള്ള യാത്രയെന്നാണ് ഉയിർത്തെഴുന്നേൽപ്പിന്റെ യഥാർത്ഥ അർത്ഥം.

യേശുക്രിസ്തു പിറന്നത് മനുഷ്യകുലത്തിന്റെ പാപത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു. ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി. ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ. വീണ്ടും അടിമനുകത്തിൽ കുടുങ്ങരുത് (ഗലാത്യർ 5:1) എന്നത്രെ വിശുദ്ധ പൗലൊസ് പ്രബോധിപ്പിക്കുന്നത്. ക്രിസ്തുവിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്നായിരുന്നു റോമൻ ഗവർണരായിരുന്ന പീലാത്തോസ് വിധിന്യായമെഴുതിയത്. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല എന്നു പറഞ്ഞ് അദ്ദേഹം സ്വയം കൈകഴുകുകയായിരുന്നു

## മരണത്തിന്റെ മേലുള്ള ജീവന്റെ വിജയം

ക്രിസ്തുവിന്റെ തിരുപ്പിറവിക്ക് ഏകദേശം 700 വർഷം മുമ്പ് ജീവിച്ചിരുന്ന യെശയ്യാവ് പ്രവചിച്ചു: സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു (യെശയ്യാവ് 53:4). പാപികൾക്കുവേണ്ടി മരിക്കുവാനാണ് ലോകരക്ഷകനായ ക്രിസ്തു ജഡശരീരം ധരിച്ചതു തന്നെ. പിറവിയുടെ ഉദ്ദേശ്യം തന്റെ മരണത്തിന്റെ അതുല്യത വെളിപ്പെടുത്തുകയും കൂടി ആയിരുന്നു.

ആരുടെയെങ്കിലും ജീവിതത്തിനുമുമ്പിൽ ലോകം അടിയറവ് പറഞ്ഞിട്ടുണ്ടെങ്കിൽ ആ വ്യക്തി ജനനത്തിലും ജീവിതത്തിലും വിശുദ്ധിയിലും മരണത്തിലും ഉയിർപ്പിലും സ്വർഗാരോഹണത്തിലും ഇനി സംഭവിക്കാൻ പോകുന്ന മടങ്ങിവരവിലും അതുല്യത നിലനിർത്തുന്ന മഹാദൈവമായ യേശുക്രിസ്തുവാണ്. നാൽപതു ദിവസത്തോളം ശിഷ്യന്മാർക്ക് ഒറ്റയ്ക്കും ഒരുമിച്ചും പ്രത്യക്ഷനായി അടയാളങ്ങളാലും അത്ഭുതങ്ങളാലും അവരെ വിശ്വാസത്തിൽ സുസ്ഥിരമാക്കിത്തീർത്ത ക്രിസ്തു, മാനവരാശിയുടെ രക്ഷകൻ താനാണെന്ന സത്യം വ്യക്തമാക്കുകയായിരുന്നു.

പരിശുദ്ധാത്മാവിൽ നിറഞ്ഞ ശിഷ്യഗണങ്ങളുടെ സാക്ഷ്യജീവിതമാണ്, ഇന്നു ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന രീതിയിൽ ക്രിസ്തീയ സഭയെ ആക്കിത്തീർക്കുവാൻ കാരണമായത്. ക്രിസ്തീയ സമൂഹം അതിന്റെ ജീവന്റെ ആണിക്കല്ലായാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ദർശിക്കുന്നത്. പൗലൊസിന്റെ ലേഖനങ്ങൾ ആ വിശ്വാസത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനോടുകൂടെയുള്ള ജീവിതത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ലോകത്തിലെ കഷ്ടനഷ്ടങ്ങൾ സാരമില്ലെന്നു താൻ കരുതുന്നു. ക്രിസ്തുവിനുവേണ്ടി സകലവും ചപ്പും ചവറും എന്നു താൻ എണ്ണുന്നു എന്ന് ആദിമ നൂറ്റാണ്ടിലെ പണ്ഡിതാഗ്രണ്യനായ പൗലൊസ് പ്രഖ്യാപിക്കുന്നു.

തന്റെ അരുമ ശിഷ്യരോടൊപ്പമിരുന്ന് യേശുനാഥൻ അവസാനമായി അത്താഴം കഴിച്ചു. സേവിക്കപ്പെടാനല്ലാതെ സേവിക്കുവാൻ നിങ്ങൾ തയാറാകണം എന്നു ശിഷ്യരെ പഠിപ്പിക്കാനായി ക്രിസ്തു അവരുടെ പാദങ്ങൾ കഴുകി. ക്രൂശിതനായ യേശുക്രിസ്തു മൂന്നാം നാളിൽ മരണത്തെ എന്നന്നേയ്ക്കുമായി തോല്പിച്ചുകൊണ്ട് ഉയിർത്തെഴുന്നേറ്റു. ഇവിടെ മരണത്തിനു മേലുള്ള ജീവന്റെ വിജയം മാത്രമല്ല, ലോകാന്ധകാരത്തെ അലൗകിക പ്രകാശം തുടച്ചു നീക്കുന്നതിന്റെ ചിത്രവും നാം കാണുകയാണ്. വളരെയേറെ പീഡകൾ സഹിച്ചശേഷം ക്രൂശിൽ മരിക്കുകയും കല്ലറയിൽ അടക്കപ്പെടുകയും ചെയ്ത യേശുനാഥൻ ഉയിർത്തെഴുന്നേറ്റ ശേഷം നാൽപതു ദിവസംകൂടി ഭൂമിയിൽ ചിലവഴിച്ചതിനു ശേഷം സ്വർഗ്ഗാരോഹണം ചെയ്തു. ക്രിസ്തുവിന്റെ മടങ്ങിവരവിനായി അവന്റെ മണവാട്ടിയായ ദൈവസഭ ആകാംഷയോടെ കാത്തിരിക്കുന്നു.

യേശു ശിഷ്യന്മാരോടൊത്തു ആചരിച്ച പെസഹായും തന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേൽപ്പും എല്ലാം മർമ്മപ്രധാന്യമുള്ള സംഭവങ്ങൾ തന്നെയാണ്. ഇതെല്ലാം ഒരുപോലെ നമ്മുടെ രക്ഷയ്ക്ക് ആവശ്യമായിരുന്നു എന്ന ബോധ്യം എല്ലായ്പ്പോഴും നമുക്കുണ്ടായിരിക്കേണ്ടതാണ്. ഈ രക്ഷണ്യ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതിനു മനുഷ്യജന്മമെടുത്തു ഭൂമിയിൽ വന്നത് മഹാദൈവം തന്നെയായിരുന്നു! പാപം അറിയാത്ത ഒരു ജീവിതം നയിച്ച താൻ നമ്മുടെ പകരക്കാരനായി നമുക്ക് രക്ഷ നൽകുവാൻ ഭയങ്കരമായ ക്രൂശുമരണത്തിനു തന്നെത്താൻ സമർപ്പിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, നാൽപ്പതാം നാൾ സ്വർഗാരോഹണം ചെയ്തു. "ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരിന്ത്യർ 15: 14) എന്ന് തിരുവെഴുത്തു പ്രഖ്യാപിക്കുമ്പോൾ ഉയിർത്തെഴുനേൽപ് വളരെ പ്രാധാന്യമുള്ളതെന്നു വ്യക്തമാക്കുകയാണ്. പ്രവാചകന്മാർ വർഷങ്ങൾക്കു മുമ്പ് പ്രവചിച്ച, ദൈവം മനുഷ്യജന്മമെടുത്തതു മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവ് വരെയുള്ള ഈ സംഭവപരമ്പര പൂർത്തീകരിക്കുന്നത് വിശുദ്ധന്മാരെ ചേർക്കുവാൻ കർത്താവിന്റെ വീണ്ടുംവരവ് നിറവേറുന്നതോടെ ആയിരിക്കും.

ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ആത്മികമായി വളരെയേറെ പ്രാധാന്യമുള്ള ഈ മഹത്സംഭവങ്ങൾ കേവലം ആഘോഷത്തിനുള്ളവയാക്കി കാണാതെ ദൈവിക പദ്ധതി പ്രകാരം ഒരിക്കലും അവസാനിക്കാത്ത നിത്യതയിൽ ദൈവത്തോടൊപ്പം വസിക്കുവാൻ നമ്മെ തന്നെ ഒരുക്കുവാനുള്ള സന്ദർഭങ്ങളാണ് എന്ന് തിരിച്ചറിഞ്ഞു നിത്യതയ്ക്കായി ഒരുങ്ങുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. ●

# പദ്ധതി നടത്തിപ്പ് കുറ്റമറ്റതാകണം

തുടക്കമുള്ള എന്തിനും ഒടുക്കവുമുണ്ട്. പല വൻ പദ്ധതികളുടെയും തുടക്കം കാണുമ്പോൾ അതിന്റെ അവസാനത്തെക്കുറിച്ച് ആശങ്ക ആളുകളിൽ ജനിക്കാറുണ്ട്. ഭാവനാസമ്പന്നരും പരിചയ സമ്പന്നരുമായ ആളുകൾ വൈദഗ്ദ്യത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികൾ വിജയത്തിലെത്തുന്നത് പദ്ധതിയുടെ നടത്തിപ്പ് ഇവരുടെ ആശയങ്ങൾക്കൊത്തും നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ടും കൃത്യ മായി നിർവ്വഹിക്കുന്നതിനെക്കൂടി ആശ്രയിച്ചായിരിക്കും. രാവിലെ ഓട്ടം തുടങ്ങുന്ന ഒരു വാഹനം അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിലൂടെ പല അപകടസാധ്യതകളെയും അതിജീവിച്ച് ഓട്ടം നിർത്തുമ്പോൾ അത് ഒരു ലക്ഷ്യസ്ഥാനത്തായിരിക്കും. മികച്ച ഒരു ഡ്രൈവറുടെ കൃത്യമായ സാരഥ്യമാണ് ഈ വിജയത്തിനു കാരണം.


ദൈവമക്കളായ നമ്മെക്കുറിച്ച് രക്ഷിതാവായ കർത്താവിന് മികച്ച ഒരു പദ്ധതി ഉണ്ടെന്ന് നമുക്കറിയാം. അതിന്റെ പൂർത്തീകരണത്തിനുള്ള പ്രയാണത്തിലാണു നാം. ദിവ്യമായ ഒരു നിയന്ത്രണം നമ്മുടെ മേലുള്ളതും നമുക്കറിയാം. എന്നാൽ പദ്ധതിനടത്തിപ്പിന്റെ ഭാഗമായി അനുദിന കാര്യങ്ങളിൽ നാം തീരുമാനമെടുക്കേണ്ടിവരും, കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടിവരും. ദൈവം നമുക്കു നൽകിയ കുടുംബാന്തരീക്ഷം, ജോലി, സഭ, ആത്മീയ ഉത്തരവാദിത്തങ്ങൾ ഇവയിലെ കടപ്പാടുകൾ നിർവ്വഹിക്കുമ്പോൾ പദ്ധതിയുടെ അന്തിമരൂപവും നിയമാവലിയുമൊക്കെ നമ്മുടെ ഉള്ളിലുണ്ടായിരിക്കണം. നമ്മുടെമേലുള്ള ദൈവീക നിയോഗവും, നിയന്ത്രണവും നമുക്കു ബോധ്യമാകണം. ഇങ്ങനെ കൃത്യമായി മുന്നേറുമ്പോൾ നമ്മുടെ അന്തരാത്മാവിൽ ഒരു തൃപ്തിയും ധൈര്യവും അനുഭവപ്പടും, ഇല്ലെങ്കിൽ ഒരു കുറ്റബോധവും.

നമ്മുടെ ജീവിതം വിജയകരമായാണു മുന്നേറുന്നതെന്നും നല്ലൊരു അന്ത്യത്തിൽ അത് എത്തുമെന്നും ഉള്ളിൽ തൃപ്തിയും ധൈര്യവും തോന്നുന്നില്ലെങ്കിൽ നമ്മുടെമേൽ കർത്തൃത്വമുള്ള ദൈവവുമായുള്ള ബന്ധം പരിശോധിക്കണം.

**10▶ ദൈവത്തോട് മത്സരമോ?...**

മനുഷ്യരോടുള്ള ദൈവത്തിന്റെ ക്രോധം ഇങ്ങനെ വെളിപ്പെട്ടുവരുമ്പോൾ അവന് എങ്ങനെയാണ് സ്വസ്ഥത ലഭിക്കുന്നത്? ഒന്ന് ആലോചിച്ചു നോക്കൂ. കർത്താവു വരാറായി എന്ന് നാം വിശ്വസിക്കുന്നു, ഇത് വായിക്കുന്ന നിങ്ങളും അങ്ങനെ വിശ്വസിക്കുന്നു. പക്ഷെ കർത്താവു, നാം പ്രതീക്ഷിക്കാത്ത സമയത്തു വന്നാൽ നമ്മുടെ അവസ്ഥ എന്തായിരിക്കും? അവന്റെ കൂടെ നാം എടുക്കപ്പെടുമോ? ഉറപ്പുണ്ടോ? ആ ഉറപ്പാണ് നമുക്ക് സമാധാനം നൽകുന്നത്, നാം പ്രവൃത്തിയിൽ ആശ്രയിച്ചാൽ നമുക്കു ഒരിക്കലും ഉറപ്പു ലഭിക്കുകയില്ല. കാരണം നമ്മുടെ മത്സരവും ലംഘനവും, ദൈവക്രോധവും നമ്മുടെ സ്വസ്ഥത എടുത്തു കളയും.

കർത്താവു ഏതു സമയവും വരാം എന്ന് പറയുന്നവർ, അങ്ങനെ വന്നാലുള്ള പ്രത്യാഘാതം എന്തായിരിക്കും എന്ന് ചിന്തിച്ചാൽ എങ്ങനെ സ്വസ്ഥത ലഭിക്കും? അതിനു വിശ്വാസത്താലുള്ള ഒരു സ്വസ്ഥത നാം പ്രാപിക്കേണ്ടതുണ്ട്. അവിശ്വാസത്താലുള്ള കഠിനഹൃദയം സ്വയനീതിയിലേക്കും മത്സരത്തിലേക്കും നമ്മെ നയിച്ചാൽ നമുക്ക് ദൈവീകവാഗ്ദത്തപ്രകാരം ഉള്ള സ്വസ്ഥത പ്രാപിക്കുവാൻ കഴിയുകയില്ല. ഇങ്ങനെ മത്സരിക്കുന്നവർ ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ല എന്ന് ദൈവം തന്നെ ആണയിട്ടിരിക്കുന്നതായി നമുക്ക് കാണാം (എബ്രായർ 3: 18). വാക്യം 19 പറയുന്നു, ഇങ്ങനെ മോശെയുടെ പിന്നാലെ വന്ന ജനം അവിശ്വാസം മൂലം ദൈവത്തിന്റെ വാഗ്ദത്തമായ സ്വസ്ഥത അനുഭവിക്കാതെ പോയി. അതുകൊണ്ട് വിശ്വസിക്കുന്നവരായ നമുക്ക് ദൈവം ഒരു സ്വസ്ഥതയുടെ വാഗ്ദത്തം വച്ചിരിക്കുന്നു, •



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# സകലവും നന്മയ്ക്കായി

*"കുറെ നാളുകൾക്കുശേഷം പൗലോസ് ബർന്നബാസിനോട്, നാം കർത്താവിന്റെ വചനം പ്രസംഗിച്ച പട്ടണങ്ങളിലെല്ലാം മടങ്ങിച്ചെന്നു സഹോദരങ്ങളെ സന്ദർശിക്കുകയും അവരുടെ ക്ഷേമം അന്വേഷിക്കുകയുംചെയ്യാം എന്നു പറഞ്ഞു. മർക്കോസ് എന്നും പേരുള്ള യോഹന്നാനെയുംകൂടി തങ്ങളുടെകൂടെ കൊണ്ടുപോകണമെന്നു ബർന്നബാസ് ആഗ്രഹിച്ചു. എന്നാൽ, പ്രവർത്തനത്തിൽ തുടർന്നു പങ്കെടുക്കാതെ പംഫുല്യയിൽവെച്ച് അവരെ ഉപേക്ഷിച്ചുപോയ ഒരാളെ കൂടെക്കൊണ്ടുപോകുന്നത് ഉചിതമല്ല എന്ന് പൗലോസ് അഭിപ്രായപ്പെട്ടു. അവർ തമ്മിൽ ശക്തമായ അഭിപ്രായ ഭിന്നതയുണ്ടായിട്ട് പരസ്പരം വേർപിരിഞ്ഞു. ബർന്നബാസ് മർക്കോസിനെയും കൂട്ടിക്കൊണ്ട് സൈപ്രസിലേക്കു കപ്പലിൽ യാത്രയായി, എന്നാൽ പൗലോസ്, സഹോദരങ്ങളാൽ കർത്താവിന്റെ കൃപയിൽ ഭരമേൽപ്പിക്കപ്പെട്ട് ശീലാസിനെയുംകൂട്ടി യാത്രയായി. അദ്ദേഹം സിറിയയിലും കിലിക്യയിലും കൂടെ സഞ്ചരിച്ച് സഭകളെ വിശ്വാസത്തിൽ ഉറപ്പിച്ചു"* (പ്രവൃത്തികൾ 15:36 – 39).

വിശ്വാസികൾക്കിടയിൽ മത്സരം? ക്രിസ്തീയ നേതാക്കൾക്കിടയിൽ മത്സരം! മത്സരമോ? അപ്പോസ്തല പ്രവൃത്തികളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ ശക്തമായ സംഭവങ്ങൾ നമ്മൾ വായിക്കുമ്പോൾ, പൗലോസിനും ബർന്നബാസിനും ഇടയിലുള്ള ഈ സംഭവം ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഒരു കളങ്കമായി നിലകൊള്ളുന്നു. ഇതുവരെ അവർ റോമൻ സാമ്രാജ്യത്തിലുടനീളമുള്ള നിരവധി നഗരങ്ങളിൽ ശുശ്രൂഷ നടത്തി. എലിമാസ് എന്ന സകല നീതിയുടെയും ശത്രുവായ ഒരു വ്യാജപ്രവാചകനെ ശാസിച്ചു തർജ്ജനം ചെയ്തു. യഹൂദ ചരിത്രത്തിലെ യേശുവിന്റെ സ്ഥാനം വിശദീകരിച്ചു, വ്യക്തമാക്കി. അത്ഭുതങ്ങൾ പ്രവർത്തിച്ചു. ബർന്നബാസിനെ ഇന്ദ്രൻ എന്നും പൗലോസിനെ ബുധൻ എന്നും തെറ്റിദ്ധരിച്ചു. പൗലോസിനും ബർന്നബാസിനും നേരെ പിന്നീട് പീഡനം അഴിച്ചുവിട്ടു. അവരെ തങ്ങളുടെ അതിർത്തിയിൽ നിന്ന് പുറത്താക്കിക്കളഞ്ഞു. നിരസനം, അപമാനകരമായ ഭാഷ, കല്ലേറിയൽ എന്നിവപോലും അവർ അനുഭവിച്ചിട്ടുണ്ട്. പക്ഷേ പാംഫില്യയിൽ അവരുടെ മൂന്നാമത്തെ പങ്കാളിയായ യോഹന്നാൻ എന്ന മർക്കോസ് പെട്ടെന്ന് അവരെ വിട്ട് യെരൂശലേമിലേക്ക് പോയി (പ്രവൃത്തികൾ 13:13).

**വിശ്വാസികൾക്കിടയിൽ മത്സരം? ക്രിസ്തീയ നേതാക്കൾക്കിടയിൽ മത്സരം! മത്സരമോ? അപ്പോസ്തല പ്രവൃത്തികളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ ശക്തമായ സംഭവങ്ങൾ നമ്മൾ വായിക്കുമ്പോൾ, പൗലോസിനും ബർന്നബാസിനും ഇടയിലുള്ള ഈ സംഭവം ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഒരു കളങ്കമായി നിലകൊള്ളുന്നു.**

അത് അവർക്കു വേദനാജനകമായി മാറി. (പ്രവൃത്തികൾ 15:38)

യോഹന്നാൻ എന്ന മർക്കോസിനെ തത്കാലം ഒഴിവാക്കുന്നത് നല്ല ഒരു ശിക്ഷണമായിരിക്കും എന്നു പൗലോസ് കരുതിയിരിക്കാം. ഒരുപക്ഷേ, അത്രയും പ്രധാനപ്പെട്ട കാര്യങ്ങൾ ഏൽപ്പിക്കാൻ തങ്ങളെ വിട്ടു പ്രവൃത്തിക്കു വരാതെ പോയ ആൾ എന്ന നിലയിൽ പൗലോസ് മർക്കോസിനെ വിശ്വസിച്ചില്ലായിരിക്കാം. പൗലോസിന് സന്ദർശിക്കേണ്ട യഹൂദ പള്ളികളും, പ്രസംഗിക്കേണ്ട പ്രഭാഷണങ്ങളും യഹൂദന്മാരെയും ജാതികളെയും യേശുവിന്റെ സുവിശേഷം അറിയിക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു. പൗലോസ് സുവിശേഷ പ്രഖ്യാപനത്തെ വിലമതിച്ചു. ബർന്നബാസ്, മർക്കോസിന് രണ്ടാമതൊരു അവസരം നൽകാനും, തദ്വാരാ അവനെ സ്നേഹിച്ചു പ്രശ്നം പരിഹരിക്കാനും അവന്റെ കുറ്റം ബോധ്യപ്പെടുത്തി അവനെ വളർത്തിയെടുക്കാനും താത്പര്യപ്പെട്ടു.

***ഇവിടെ നമുക്ക് ചില പാഠങ്ങൾ പഠിക്കാം:***

നാം ഐക്യത്തിനായി വിളിക്കപ്പെട്ടവരാണ്. പക്ഷേ നമ്മുടെ മാർഗ്ഗങ്ങൾ വ്യത്യസ്തമായിരിക്കാം. പൗലോസിന്റെ വിശാലമായ കാഴ്ചപ്പാടും, അഭിപ്രായ വ്യത്യാസത്തെ മറികടക്കുന്ന ബർന്നബാസിന്റെ പരിപാലനവും സഭയെ വളർത്തി.


അഭിപ്രായവ്യത്യാസം ദുഷ്കരമായിരിക്കാം, പക്ഷേ അതിനെ നന്മയ്ക്കായി പരിണമിപ്പിക്കുവാൻ ദൈവത്തിനു കഴിയും. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം എന്നത് ഇവരിലാരും ദൈവിക പദ്ധതിയിൽ നിന്ന് പിന്നോക്കം പോയില്ല എന്നതാണ്. ***പൗലോസിന്റെ തല്ലും ബർന്നബാസിന്റെ തലോടലും ആയി ഈ സംഭവത്തെ ദൈവം പരിണമിപ്പിച്ചു.*** തൽഫലമായി പൗലോസും ശീലാസും ഒരു ദിശയിലും ബർന്നബാസും മർക്കോസും മറ്റൊരു ദിശയിലും ഉത്സാഹത്തോടെ തങ്ങളുടെ പ്രവർത്തികളുമായി മുമ്പോട്ടു പോയി, പുതിയ സഭകളെ സന്ദർശിക്കാനും അവയെ പണിയാനും വേണ്ടി.

അഭിപ്രായഭിന്നത ജീവിതത്തിന്റെ ഭാഗമാണ്, നല്ല മനസ്സുള്ള ആളുകൾ പോലും പലപ്പോഴും പരസ്പരം തെറ്റിദ്ധരിക്കുന്നു. നാം അഭിപ്രായ ഭിന്നതയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. പരസ്പര ബന്ധത്തെ വളർത്തുന്ന രീതിയിലോ അതോ തളർത്തുന്ന രീതിയിലോ? അന്യോന്യമുള്ള സ്നേഹബന്ധത്തെ ഒരു കാരണവശാലും അഭിപ്രായ ഭിന്നത ദോഷമായി ബാധിക്കാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. തെറ്റിദ്ധാരണകൾ ഉണ്ടാവുക സ്വാഭാവികം. എന്നാൽ ആരോടാണോ അതുണ്ടാവുന്നതു ആ വ്യക്തിയുമായി രമ്യമായി മനസ്സ് തുറന്നു സംസാരിച്ചാൽ സ്നേഹബന്ധം ഊഷ്മളമായി തുടരുവാൻ കഴിയും എന്നത് എത്രയോ സന്തോഷകരമാണ്. തിരുവെഴുത്തു പരിശോധിച്ചാൽ പല ഭിന്നാഭിപ്രായങ്ങളുടെയും കാണാമറയത്ത് ദൈവിക പദ്ധതികൾ പിൽക്കാലത്തു വെളിപ്പെട്ടു വന്നതായി കാണാം. ഉദാഹരണമായി യോസേഫിന്റെ സഹോദരന്മാർക്ക് അവനോടുണ്ടായിരുന്ന അമർഷം നിമിത്തം അവനെ ക്രൂരമായി ഉപദ്രവിച്ചത് യോസേഫിന്റെ സിംഹാസനത്തിലേക്കുള്ള പരിശീലനത്തിനും ഉയർച്ചയ്ക്കും കാരണമായി. മാത്രമല്ല വർഷങ്ങൾക്കു ശേഷം ക്ഷാമമുണ്ടായപ്പോൾ ഉപദ്രവിച്ച സഹോദരങ്ങളുടെ പരിപാലനത്തിനും ആശ്വാസത്തിനും മുഖാന്തിരമായി ദൈവം അതിനെ രൂപപ്പെടുത്തി. "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു, ദൈവമോ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീർത്തു" (ഉൽപ്പത്തി 50: 20)

**നല്ല മനസ്സുള്ള ആളുകൾ പോലും പലപ്പോഴും പരസ്പരം തെറ്റിദ്ധരിക്കുന്നു. നാം അഭിപ്രായ ഭിന്നതയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. പരസ്പര ബന്ധത്തെ വളർത്തുന്ന രീതിയിലോ അതോ തളർത്തുന്ന രീതിയിലോ?**

ഏതു പ്രശ്നങ്ങളിലും കയ്പ്പും പകയും വച്ച് പുലർത്തിയാൽ ദൈവത്തിനു നമ്മിൽ പ്രവർത്തിക്കാൻ കഴിയാത്തവണ്ണം നാം തന്നെ പ്രശ്നകാരണമായി മാറും. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" എന്ന് നാം അറിയുന്നു (റോമർ 8: 28). ●





ഡോ. സജികുമാർ കെ. പി.

# ഇസഹാക്കും റിബേക്കായും ചില കുടുംബചിന്തകളും

ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ചില കുടുംബചിത്രങ്ങളിൽ വേറിട്ട് നിൽക്കുന്ന ഒരു കുടുംബമാണ് ഇസഹാക്കിന്റെയും റിബെക്കായുടെയും കുടുംബം. അന്യജാതിയിൽ നിന്നും ഒരു പെൺകുട്ടിയെ എടുക്കാതെ അബ്രഹാമിന്റെ വിശേഷമായ താല്പര്യം മുൻനിർത്തി എലയാസർ വളരെ യാത്രചെയ്ത് പ്രാർത്ഥിച്ചും അടയാളം ചോദിച്ചും ഒക്കെ തെരഞ്ഞെടുത്തു കൊണ്ടുവന്ന പെൺകുട്ടിയാണ് റിബെക്കാ. വളരെ സേവനമനോഭാവവും ആത്മവിശ്വാസവും കഴിവുകളും ഉള്ള ആളായിരുന്നു റിബെക്ക. എന്നാൽ ഇസഹാക്കും റിബെക്കയും ഒന്നിച്ച് ആരംഭിച്ച കുടുംബജീവിതം മനോഹരമായിട്ടാണ് തുടങ്ങിയതെങ്കിലും പിന്നീട് അത്രയ്ക്ക് മനോഹരമല്ലാത്ത ചില സംഭവങ്ങളാണ് ഉല്പത്തി 27 ൽ നാം കാണുന്നത്.

കുടുംബത്തിന്റെ അധികാര കൈമാറ്റം ഏശാവിനു അനുഗ്രഹമായി നൽകുവാൻ ഇസഹാക്ക് തീരുമാനിച്ചത് റിബെക്കയോട് ചോദിച്ചിട്ടും ചർച്ച ചെയ്തിട്ടും ഒന്നും ആയിരുന്നില്ല. അന്നത്തെ സാമൂഹിക സാംസ്കാരിക വ്യവസ്ഥിതിയിൽ അങ്ങനെ ഒരു ആവശ്യം ഇല്ലായിരുന്നിരിക്കാം. എന്നാൽ ആ തീരുമാനം റിബെക്കയ്ക്ക് ഒട്ടും സ്വീകാര്യമായിരുന്നില്ല. ഭർത്താവിന്റെ ആ തീരുമാനത്തെ കൊടിയ വഞ്ചനയിലൂടെ തകിടം മറിച്ചുകളയുവാൻ പദ്ധതി തയ്യാറാക്കുകയും അതിൽ വിജയിക്കുകയും ചെയ്തു.

പക്ഷേ അതിന്റെ അനന്തരഫലം മാതാപിതാക്കളുടെ കയ്യിൽ നിന്നും കാര്യങ്ങൾ കൈവിട്ടുപോയി എന്നതാണ്. അമ്മയ്ക്ക് ജീവിതം തന്നെ കൈപ്പായി തോന്നുന്ന രീതിയിൽ ഏശാവ് തിരിച്ചടിച്ചു. അന്യജാതിക്കാരായ രണ്ട് പെൺകുട്ടികളെ ഭാര്യമാരായി എടുക്കുകയും അവർ റിബെക്കയ്ക്കു ജീവിതം തന്നെ വെറുപ്പ് ആക്കുന്നത് പോലെ തലവേദന ഉണ്ടാക്കുകയും ചെയ്തു (ഉല്പത്തി 27:46). ചില ഭവനങ്ങളിൽ ഇന്നും ഇങ്ങനെയുള്ള പ്രശ്നങ്ങൾ നാം കാണാറുണ്ട്. മൂത്തമകൻ അപ്പന്റെ പ്രിയപുത്രനും ഇളയമകൻ അമ്മയുടെ പ്രിയപുത്രനും എന്നിങ്ങനെ കുടുംബത്തിൽ ചേരിതിരിവ് ഉണ്ടാകുമ്പോൾ ഓർക്കുക: അധികം താമസിയാതെ മാതാപിതാക്കൾക്ക് മക്കൾ മൂലം ജീവിതം ദു:സഹമായി തോന്നാം. നാം മക്കൾക്കിടയിൽ ഒരിക്കലും ചേരിതിരിവ് ഉണ്ടാക്കരുത്. രണ്ടുമക്കളെ ഉള്ളൂ എങ്കിലും രണ്ടുപേരെയും ഒരുപോലെ സ്നേഹിക്കണം. ഒരാളെ അടുത്തയാളോട് താരതമ്യം ചെയ്യരുത്.

ഒരുപക്ഷേ ആത്മികമായ ഒരു വ്യാഖ്യാനം റിബെക്കായ്ക്ക് പറയുവാൻ ഉണ്ടായിരിക്കാം. ഉല്പത്തി 25 :22,23 വാക്യങ്ങൾ പ്രകാരം റിബെക്കയോടാണ് ദൈവം അരുളി ചെയ്തത്, നിന്റെ വയറ്റിൽ രണ്ട് ആൺമക്കൾ ഉണ്ടെന്നും മൂത്തവൻ ഇളയവനെ സേവിക്കും എന്നും. ഇത് ഇസഹാക്ക് ഇഷ്ടപ്പെടാതിരിക്കയോ, ദൈവലോചന വേണ്ടുംവണ്ണം ഹൃദയത്തിൽ സംഗ്രഹിക്കാതെ കാലാന്തരത്തിൽ വിസ്മരിച്ചു കളകയോ ചെയ്തിരിക്കാം. എങ്കിലും റിബെക്ക ഇക്കാര്യം ഹൃദയത്തിൽ സംഗ്രഹിച്ചു, മന:പ്പൂർവം ഓർമ്മയിൽ സൂക്ഷിച്ചിരുന്നു. പക്ഷെ ദൈവ

ത്തിന്റെ സമയം വരെ കാത്തിരിക്കാതെ സ്വന്ത ബുദ്ധിയും തന്ത്രവും പ്രയോഗിച്ചു വാഗ്ദത്തം സ്വായത്തമാക്കാൻ ശ്രമിച്ചു. എന്തായാലും ഈ കാര്യത്തിൽ ഭാര്യയും ഭർത്താവും രണ്ട് ചിന്താ ഗതിക്കാരായിരുന്നത് പ്രശ്നകാരണമാവുകയും ചെയ്തു.

കുടുംബജീവിതത്തിൽ അനവധി അവസരങ്ങളിൽ ഭാര്യാഭർത്താക്കന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായേക്കാം. എന്നാൽ പരസ്പരം ഗൂഢാലോചന നടത്തി അങ്ങോട്ടുമിങ്ങോട്ടും തോൽപ്പിക്കുവാൻ നിൽക്കുമ്പോൾ ഓർക്കുക, നഷ്ടപ്പെടുന്നത് സ്വന്തം തലമുറ തന്നെ ആയിരിക്കും. ആട്ടിൻ രോമം ധരിച്ച് അമ്മയുടെ തന്ത്രങ്ങൾക്കനുസരിച്ച് സ്വന്തം പിതാവിനെ പട്ടാപ്പകൽ വഞ്ചിച്ചപ്പോൾ അവിടെ തകർന്നത് സഹോദരങ്ങൾ തമ്മിലുള്ള ഐക്യതയും ബന്ധവും ആയിരുന്നു. ഒടുവിൽ ഏശാവ് പിതാവിന്റെ മരണം നടന്നാലുടൻ യാക്കോബിനെ വധിക്കും എന്നു ഹൃദയത്തിൽ നിശ്ചയിച്ചു. എത്ര ഹീനമായ അധഃപ്പതനം ആണ് ദൈവം തിരഞ്ഞെടുത്ത ഒരു കുടുംബത്തിൽ നടക്കുന്നത്?

ഭാര്യാഭർത്താക്കന്മാർക്കിടയിലെ മത്സരവും ഗൂഢതന്ത്രങ്ങളും തകർത്തെറിയുന്നത് കുടുംബത്തിലെ ആത്മീയതയെയാണ്. ഹൃദയം മുഴുവൻ മത്സരവും വൈരാഗ്യവും നിറഞ്ഞ കുടുംബത്തിൽ പ്രാർത്ഥനയും ദൈവാശ്രയവും ഇല്ലാതെപോകും. പക്ഷേ ദൈവം കൃപാലുവും വിശ്വസ്തനും ആയതിനാൽ സുദീർഘമായ ബാലശിക്ഷ നൽകി വർഷങ്ങൾ പണിപ്പെട്ട് യാക്കോബിനെ ആത്മീയനാക്കി മാറ്റി. ദൈവം പറയുന്നിടത്ത് നാം നിൽക്കാതെ വരുമ്പോൾ നഷ്ടങ്ങളും ശിക്ഷയും നൽകി നമ്മെ പുനഃസ്ഥാപിക്കുന്ന ദൈവം എത്ര സ്നേഹവാനാണെന്നത് വിസ്മരിക്കരുത്.

ഭാര്യാഭർത്താക്കന്മാർ ഒറ്റമനസ്സോടെ നിലനിൽക്കുന്ന കുടുംബത്തിലാണ് സ്നേഹമുള്ള മക്കൾ വളർന്നു വരുന്നത്. അല്ലാത്തപക്ഷം മത്സരവും പകയും നിറഞ്ഞ ഒരു തലമുറ ആയിരിക്കും വളർന്ന് വരിക. തെറ്റിദ്ധാരണകൾ ഏതു കുടുംബത്തിലും ഉണ്ടാകാം. യോജിക്കുവാൻ സാധിക്കാത്ത വിഷയങ്ങളും എതിരഭിപ്രായങ്ങളും ഉണ്ടാകാം. എന്നാൽ ഇതിനെ നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്നത് തുറന്ന ദൈവാശ്രയത്വത്തോടെയുള്ള ആശയവിനിമയത്തിലൂടെയാണ്. തെറ്റിദ്ധാരണകളും വേദനകളും മുറിപ്പാടുകളും മനസ്സിൽ വച്ചുകൊണ്ടിരിക്കാതെ അതു പരസ്പരം തുറന്നു സംസാരിക്കണം. ക്ഷമിക്കുവാനും വിട്ടുകളയുവാനും ക്ഷമ ചോദിക്കുവാനും ദൈവമക്കൾക്ക് ഒരു മടിയും ഉണ്ടാകരുത്. മാത്രമല്ല ദൈവം നിശ്ചയിച്ചിരിക്കുന്ന സമയം വരെ കാത്തിരിക്കുക എന്നത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. മോശെയെക്കുറിച്ചുള്ള ദൈവനിയോഗം താൻ മനസ്സിലാക്കിയിരുന്നു എങ്കിലും സമയത്തിന് മുമ്പേ ദൈവം ആവശ്യപ്പെടാതെ സ്വയം ദൗത്യം ഏറ്റെടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി അവനു മിസ്രയീമിൽ നിന്ന് ഓടിപ്പോയി മിദ്യാനിൽ ദൈവം ഒരുക്കിയിരുന്ന പരിശീലനക്കളരിയിലൂടെ കടന്നുപോകേണ്ടിവരികയും ചെയ്തു.

തിരുവായ്കൊണ്ട് ദൈവം അരുളിച്ചെയ്തതു തൃക്കൈ കൊണ്ട് നിവർത്തിക്കുന്ന സമയം വരെ നാം ഓരോരുത്തരും പ്രാർത്ഥനയോടെ കാത്തിരിക്കണം എന്ന ദൈവലോചനയാണ് ഇവിടെ വ്യക്തമാകുന്നത്. ഇന്ന് പലരും കടന്നു പോകുന്ന പല പ്രതിസന്ധികളുടെ കാരണവും മറ്റൊന്നല്ല എന്നത് സഗൗരവം നാം കരുതിക്കൊള്ളേണ്ടതാണ്. സ്വന്ത ബുദ്ധിയിലും യുക്തിയിലും പദ്ധതിയിലും തന്ത്രങ്ങളിലും ഊന്നിയുള്ള മാതൃകാപരമല്ലാത്ത ജീവിതം പല കുടുംബങ്ങളിലും തലമുറകൾ തമ്മിൽ കലഹിക്കുന്നതിനും ദൈവത്തിൽ നിന്ന് അകന്നുപോകുന്നതിനും കാരണമാകുന്നു. കുടുംബങ്ങളിൽ മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിൽ കുടുംബകാര്യങ്ങൾ തുറന്നു സംസാരിച്ചു, പരസ്പരം ആശയവിനിമയം നടത്തി, തീരുമാനങ്ങളുടെ ഗുണദോഷങ്ങൾ വിലയിരുത്തി തികഞ്ഞ ഐക്യത്തിലും ഏകോപനത്തിലും ദൈവാശ്രയത്വത്തിലും വചനപഠനത്തിലും മുന്നേറുന്നു എങ്കിൽ ഇസഹാക്കിന്റെ കുടുംബത്തിലുണ്ടായ പാകപ്പിഴകൾ ഉണ്ടാകാതെ സ്വജീവിതത്തെയും സ്വകുടുംബത്തെയും ദൈവഹിതപ്രകാരം പരിപാലിക്കുവാൻ ദൈവം സഹായിക്കും.

നല്ല മാതൃകകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വല്ലാത്ത കാലയളവിൽ നമ്മുടെ കുടുംബങ്ങൾ മാതൃകയുള്ളവ ആകട്ടെ. സ്നേഹവും ദൈവകൃപയും ഐക്യതയും നമ്മുടെ കുടുംബങ്ങളുടെ മുഖമുദ്ര ആകട്ടെ. അങ്ങനെ അനുഗ്രഹീതരായ തലമുറകൾ രൂപപ്പെട്ടു വരട്ടെ. തുറന്നു സംസാരിക്കുന്ന, ക്ഷമിക്കുന്ന നല്ല മാതൃകബോധപൂർവ്വം സൃഷ്ടിച്ചെടുക്കുവാൻ ദൈവകൃപയിലാശ്രയിച്ചു നമ്മെത്തന്നെ സമർപ്പിക്കാം. •



ഷാന്റു മാത്യു, കല്ലട

# യേശുവിന്റെ അടുക്കലേക്കു ഒന്ന് പോയാലോ?

യേശുവിനരികിൽ തന്റെ മകളുടെ സൗഖ്യത്തിനു വേണ്ടി ഹൃദയവേദനയോടെ തേങ്ങുന്ന ഒരു പിതാവ്! യേശുവിനു ചുറ്റുമുള്ള ആളുകളുടെ മുഴുശ്രദ്ധയും പള്ളിപ്രമാണിയായ അദ്ദേഹത്തിലാണ്. ആ നിലയിൽ സമൂഹത്തിലെ ഒരു ഉന്നതസ്ഥാനീയനായതു കൊണ്ടാണ് ആളുകൾ ആ മനുഷ്യനെ ശ്രദ്ധിച്ചത്. പക്ഷേ യായീറൊസ് എന്ന പള്ളിപ്രമാണി അതൊന്നും ഗണ്യമാക്കുന്നതേയില്ല. തന്റെ മകളുടെ സൗഖ്യത്തിനു വേണ്ടി യാതൊരു ലജ്ജയുമില്ലാതെ പരസ്യമായി അപേക്ഷിച്ചുകൊണ്ട് പ്രതീക്ഷയോടെ നിൽക്കുകയാണ് അദ്ദേഹം. ഹൃദയം തകർന്ന യായീറൊസിന്റെ സങ്കടം കണ്ടിട്ട് യേശു കുഞ്ഞിനെ സൗഖ്യമാക്കേണ്ടതിനു അയാളുടെ ഭവനത്തിലേയ്ക്ക് പോകുവാൻ തയ്യാറായി. വലിയ ഒരു പുരുഷാരവും അവരെ പിന്തുടരുന്നുണ്ട്.

എന്നാൽ ആ യാത്രയിൽ ഒട്ടും പ്രതീക്ഷിക്കാതെ മറ്റൊരു വ്യക്തി അവിടേക്ക് കടന്നുവരുന്നുണ്ട്. പന്ത്രണ്ടു വർഷമായി രക്തസ്രാവം ബാധിച്ചു മുതലെല്ലാം ചികിത്സക്കായി ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ഏറ്റം പരവശയായി തീർന്ന ഒരു സ്ത്രീ. അവൾ അലയുന്നത് വലിയ ആരോഗ്യപ്രശ്നങ്ങളുടെ നടുവിലാണ്. യായിറോസിന്റെ മകളുടെ പ്രായം തന്നെയുണ്ട് അവളുടെ രോഗത്തിനും. അവൾ ഒരുപാടു വിലക്കുകളെയും പ്രതിസന്ധികളെയും അഭിമുഖീകരിച്ചിരുന്നു. സാമ്പത്തികമായും ശാരീരികമായും മാനസികമായും ഈ രോഗം അവളെ തളർത്തിയിരുന്നു. ആശയറ്റവളെപ്പോലെ ഇരുളടഞ്ഞ ഭാവിയിലേക്ക് നോക്കി അവൾ നെടുവീർപ്പിട്ടു. അപ്പോഴാണ് അവളെയറിയുന്ന മറ്റൊരാൾ അവളെ സന്ദർശിച്ചത്. സന്ദർശക അവളോട് സൗഖ്യദായകനായ യേശുവിന്റെ അത്ഭുതപ്രവർത്തികളെക്കുറിച്ചും, യേശുവിനരികിൽ വന്ന ഒരൊറ്റ രോഗിയെപ്പോലും നിരാശയോടെ മടക്കി അയക്കാതെ, എല്ലാവരെയും സൗഖ്യമാക്കിയതും വിവരിച്ചത്. രോഗിയായ സ്ത്രീക്ക് ഈ വിവരണം അവിശ്വസനീയമായി തോന്നി. കിടക്കയിൽ നിന്നെഴുന്നേൽക്കുവാൻ പോലും പ്രാപ്തിയില്ലാതെ അവൾ വിഷമിക്കുകയാണ്.

യേശുവിന്റെ അടുക്കലേക്കു ഒന്ന് പോയാലോ? പക്ഷെ പല തടസ്സങ്ങളാണ് മുമ്പിൽ. ഈ അവസ്ഥയിൽ താൻ ആരെയെങ്കിലും സ്പർശിച്ചാൽ അവർ അശുദ്ധരാകും. അത് പരസ്യമായാൽ ശിക്ഷ അതിഭീകരവുമാണ്. കല്ലെറിഞ്ഞു കൊല്ലപ്പെടും, അതാണ് ശിക്ഷ. മറ്റൊരു പ്രശ്നം യേശുവിനു ചുറ്റും കാണപ്പെടുന്ന പുരുഷാരമാണ്. എങ്ങനെ അവരുടെ ഇടയിലൂടെ കയറി തീർത്തും അവശയായ തനിക്കു യേശുവിനെ ഒന്ന് തൊടുവാനെങ്കിലും കഴിയും? അവൾ കേട്ട യേശുവിന്റെ വാർത്തകൾ അവളിൽ ഉളവാക്കിയത് ശക്തമായ വിശ്വാസമാണ്. ഭവിഷ്യത്തുകൾ എന്തുമാകട്ടെ. പോവുക തന്നെ. അവൾ നിശ്ചയിച്ചുറച്ചു. വെളിച്ചമുദിക്കുമ്പോൾ ഇരുൾ അപ്രത്യക്ഷമാകുന്നത് പോലെ നിഷേധാത്മകചിന്തകൾ എങ്ങോ പോയ്മറഞ്ഞു. ശക്തമായ വിശ്വാസം അവളുടെ മനസ്സിനു ധൈര്യവും, ശരീരത്തിന് ബലവും പകർന്നു. ധൈര്യമായി അവൾ മുന്നോട്ടു പാദങ്ങൾ വെച്ചു. പുരുഷാരത്തെ വകഞ്ഞു മാറ്റിക്കൊണ്ട് ഞെങ്ങി ഞെരുങ്ങി യേശുവിനരികിലെത്തി, അവിടുത്തെ വസ്ത്രത്തിൽ തൊട്ടു... അപ്പോൾ അവാച്യമായ ഒരു അത്ഭുതശക്തി യേശുവിൽ നിന്ന് പുറപ്പെട്ടു, അവിശ്വസനീയമാം വിധം അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്തു.

അവളുടെ ആനന്ദത്തിനും ആശ്വാസത്തിനും അതിരില്ലായിരുന്നു.

ശാരീരിക രോഗത്താലോ, പാപരോഗത്താലോ നിങ്ങൾ വലയുന്നുവോ? പ്രതിബന്ധങ്ങൾ ഏറെയുണ്ടായിരിക്കാം. അവയെ ഗണ്യമാക്കാതെ ധീരതയോടെ തീരുമാനങ്ങളെടുത്തു യേശുവിനരികിലേക്കു ചെല്ലുക. നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങളെയും മുന്നേറ്റത്തെ തടസപ്പെടുത്തുന്ന മാതൃകാജീവിതമില്ലാത്ത പുരുഷാരത്തെയും അവഗണിക്കുക. അസാധ്യമൊന്നുമില്ലാത്ത യേശുവിനെ മാത്രം നോക്കുക. തന്റെ അടുക്കലേക്കു ചെന്ന് സകല പ്രശ്ങ്ങൾക്കും പരിഹാരവും പാപക്ഷമയും പ്രാപിക്കുക. അമാന്തിക്കരുതേ...!

തന്റെ ഭവനത്തിലേക്കുള്ള യേശുവിന്റെ വരവും പ്രതീക്ഷിച്ചു ഒപ്പം നടക്കുന്ന യായിറോസിന് ഓരോനിമിഷം കഴിയുമ്പോഴും മനോവേദന ഏറിക്കൊണ്ടിരുന്നു. എങ്കിലും യേശു അത്ഭുതം ചെയ്യും എന്ന പ്രതീക്ഷയിൽ അയാൾ വിശ്വാസത്തോടെ യേശുവിനോടൊപ്പം യാത്ര തുടർന്നു. അപ്പോഴേക്കും അപ്രതീക്ഷിതമായി ഒരു വ്യക്തി വന്നു യായിറോസിനോട് രഹസ്യമെന്ന പോലെ പറഞ്ഞു: നിന്റെ മകൾ മരിച്ചു പോയി. ഗുരുവിനെ ശല്യപ്പെടുത്തേണ്ടാ... നമുക്ക് വീട്ടിൽ പോകാം. അവിടെ ബാലയുടെ അടക്കത്തിനായി ഒരുപാട് കാര്യങ്ങൾ ക്രമീകരിക്കുവാനുണ്ടല്ലോ.

യായിറോസിന്റെ ഹൃദയം തകർന്നു കാണണം. ഇത്രയുംനേരം യേശുവിനരികിൽ നിന്ന് കരഞ്ഞതിനും അപേക്ഷിച്ചതിനും അർത്ഥമില്ലാതായിപ്പോയോ? യായീറൊസ് ഗുരുവിനോട് യാത്ര പറഞ്ഞു ഭവനത്തിലേക്ക് പോകുവാൻ ഭാവിച്ചു. ആശയറ്റു വേദനിക്കുന്ന ആ മനുഷ്യന്റെ മുഖത്ത് നോക്കി യേശു പറഞ്ഞു: ഞാനും നിന്നോടൊപ്പം വരാം, ഇത്രയും നേരം നീ കാത്തുനിന്നില്ലേ... നിന്റെ പ്രതീക്ഷകൾക്ക് വിപരീതമായാണ് എല്ലാം സംഭവിച്ചതെങ്കിലും അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ ഞാൻ ശക്തനാണ്. ദൈവത്തിന്റെ പ്രവർത്തികൾ മാനുഷിക ദൃഷ്ടിയിൽ പരാജയം എന്ന് തോന്നിയാലും, അതിനെ അത്ഭുതകരമാം വണ്ണം പ്രയോജനപ്പെടുത്തുവാൻ ദൈവത്തിനു കഴിയും എന്ന ഒരു വലിയ പാഠമാണ് ഇവിടെ നമുക്കും ലഭിക്കുന്നത്.

വളരെ വിഷമത്തോടെ ആണെങ്കിലും യായീറൊസ് യേശുവിനെയും കൂട്ടി തന്റെ ഭവനത്തിലേക്ക് പോയി. അവിടെ ചെന്നപ്പോൾ, തന്റെ ദാസന്മാർ എല്ലാം കൃത്യമായി ക്രമീകരിച്ചിരിക്കുന്നു. കുഴലൂത്തുകാർ, വിലാപഗീതങ്ങൾ പാടുന്നവർ അങ്ങനെ എല്ലാവരും വന്നുചേർന്നിരുന്നു.ശവസംസ്കാരത്തിന് വേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും അവിടെ ഭംഗിയായി തയ്യാറായിരുന്നു. 12 വയസ്സ് മാത്രമുള്ള കുഞ്ഞിനെ നോക്കിയും അവളുടെ മാതാപിതാക്കളുടെ ദു:ഖത്തിലും പങ്കുചേർന്നു എല്ലാവരും കരയുവാൻ തുടങ്ങി. ഈ അന്തരീക്ഷത്തിൽ യേശുകർത്താവിനും അനല്പമായ ദു:ഖമുണ്ടായി. മനുഷ്യന്റെ മനോവേദനയോടു താദാത്മ്യപ്പെടുന്ന യേശുവിന്റെ ദിവ്യസ്വഭാവമാണ് ഇവിടെ വെളിപ്പെടുന്നത്. യേശു കരയുന്നവരെ എല്ലാം പുറത്താക്കി. എന്നിട്ട് അവൾക്കുവേണ്ടി പ്രാർത്ഥിച്ചു.

മരണത്തിന്റെ താഴ്‌വരയിലേക്കാഴ്ന്നുപോയ അവളെ യേശു ജീവന്റെ പ്രകാശത്തിലേക്ക് തിരികെ കൊണ്ടുവന്നു. അല്പസമയത്തിനുശേഷം യേശുവും യായീറോസും, തന്റെ ഭാര്യയും, മരിച്ചുപോയെന്ന് എല്ലാവരും കരുതിയ കുഞ്ഞുമായി പുറത്തേക്ക് വന്നു. അത്ഭുതകരമായ ഈ കാഴ്ച, ആ സമൂഹത്തെ അതിശയിപ്പിക്കുന്നതായിരുന്നു. കരയുന്നവരുടെ മുഖത്തെ സങ്കടം മാറി, ആകാംഷ നിറഞ്ഞുനിന്നു. എന്താണ് സംഭവിക്കുന്നത് എന്ന് ആർക്കും മനസ്സിലായില്ല. കുഞ്ഞ് മരണക്കിടക്കയിലേക്ക് വഴുതിവീണപ്പോൾ, ചുമതലപ്പെട്ടവർ അവളുടെ ശവസംസ്കാരത്തിന് ക്രമീകരണം ഒരുക്കിയപ്പോൾ, വേദനയോടെ കരയുന്ന പിതാവിന്റെ കണ്ണുനീരിനെ മറികടന്നു പോകുവാൻ കർത്താവിനു സാധിച്ചില്ല, ഈ കുഞ്ഞിന്റെ ഇപ്പോഴുള്ള പുഞ്ചിരിക്ക് പിന്നിലെ കാരണം ഇവളുടെ അപ്പന്റെ ഹൃദയഭേദകമായ നിലവിളി തന്നെയാണ്. അതേ, നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി നമുക്ക് കരയാം. യെരുശലേം പുത്രിമാരെ നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ: ഇക്കാലത്ത് വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുന്ന നമ്മുടെ കുഞ്ഞുങ്ങളെയും തലമുറകളെയും ഓർത്തു ദൈവസന്നിധിയിൽ കരയേണ്ട ആവശ്യകത ഓർമ്മിപ്പിക്കുകയാണ് കർത്താവ് ഇവിടെ. ഏതെല്ലാം സാഹചര്യങ്ങൾ അവരെ വിഴുങ്ങിക്കളഞ്ഞാലും കണ്ണുനീരിനെ മറികടന്നു പോകാത്ത യേശുവിനോടൊത്തു നടന്നു തലമുറകളെക്കുറിച്ചുള്ള എല്ലാ സങ്കടങ്ങളും അവിടുത്തോടു നമുക്കു ചൊല്ലാം. അവിടുന്ന് വിലാപങ്ങൾ നൃത്തമാക്കുന്നവനും രട്ടഴിപ്പിച്ചു സന്തോഷം ഉടുപ്പിക്കുന്നവനും ആണല്ലോ. ●



സുജ വിനു

# വരിക ജീവന്റെ വചസ്സിലേക്ക്

ദൂരെ എവിടെനിന്നോ കേൾക്കുന്ന ഒരു പക്ഷിയുടെ പാട്ടുപോലെ, നേർത്ത ഒരു സ്വരം. ലോകം, നല്ലതെന്നും ഭാഗ്യകരമെന്നും വാഴ്ത്തുന്ന അനുഭവങ്ങളിൽക്കൂടെയും അംഗീകാരങ്ങളിൽക്കൂടെയും കടന്നുപോകുമ്പോഴും, ആർപ്പും, ആരവവും അടങ്ങിക്കഴിഞ്ഞാൽ കൂടുതൽ ഉച്ചത്തിൽ കേൾക്കാനാവുന്ന ഒരു സ്വരം; ഒരുപക്ഷേ ജീവിതത്തെ ബോധപൂർവ്വം സമീപിക്കുന്ന ഏതൊരാൾക്കും കേൾക്കാവുന്ന ഒന്ന്. ഒറ്റയ്ക്കാവുമ്പോഴുള്ള നിശബ്ദതയുടെ ഈ ശബ്ദത്തിന് വലിയ മുഴക്കമാണ്. അസ്വസ്ഥതയുണ്ടാക്കാൻ കഴിയുന്ന മുഴക്കം. ഒരു രോഗത്താലോ മറ്റെന്തെങ്കിലും കാരണത്താലോ തനിച്ചാക്കപ്പെടുമ്പോൾ, കാഴ്ചകളുടെ, കേൾവികളുടെ, കൂട്ടിന്റെ, കൂട്ടംചേരലിന്റെ ആശ്വാസത്തിൽ നിന്ന് അകറ്റപ്പെടുമ്പോൾ മനുഷ്യൻ പെട്ടെന്ന് നിരാശപ്പെട്ടുപോകുന്നു. തനിച്ചിരിക്കുമ്പോൾ സ്വസ്ഥനായി ഇരിക്കാൻ കഴിയുന്നവനാണ് വിജയി എന്ന് പറയുന്നത് അതുകൊണ്ടാണല്ലോ.

ഏകാന്തനേരങ്ങളിൽ ഇമ്പസ്വരമായി അടുത്തുവരുന്നൊരു ദൈവമുണ്ടെന്നതാണ് ഒരു ക്രിസ്ത്യാനിയുടെ സൗഭാഗ്യം. മരുഭൂമിയിൽ വശ്യമധുരമായി സംസാരിക്കുന്ന ഒരു സ്വരം. രണ്ടു ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായ് രണ്ടു പടയാളികളുടെ നടുവിലായിരിക്കുമ്പോഴും സുഖമായുറങ്ങാൻ പത്രോസിന് താരാട്ടാവുന്ന മധുരശബ്ദം. അവിടെ നിന്ന് അവനെ പുറത്തു തട്ടി ഉണർത്തി ചങ്ങലകൾ അഴിച്ച് രക്ഷിക്കുന്ന ശബ്ദം. പൗലോസും ശീലാസും തടവറയിൽ പാടുന്ന സ്തുതിഗീതങ്ങൾ, അവരുടെ ഉള്ളിൽ കേൾക്കുന്ന ഈ ഇമ്പസ്വരത്തിന്റെ പ്രതിഫലനമല്ലാതെ മറ്റെന്ത്? അവിടെയും അവരെ വിടുവിക്കുന്നു, ശക്തമായ ദൈവശബ്ദം. മാർത്ത, അനേക കർമ്മവ്യഗ്രതകളാൽ കുഴങ്ങുമ്പോൾ, മാറാതടുത്തിരുന്ന്, മറിയ കാതോർക്കുന്നതും ഇതേ ഇമ്പസ്വരത്തിനുതന്നെ. എന്റെ ആടുകൾ എന്റെ സ്വരം അറിയുന്നു എന്നു പറയുന്ന ഇടയന്റെ സ്വരം.

അസ്വാരസ്യമായി ഉള്ളിൽ തേങ്ങുന്ന ശബ്ദം, സ്നേഹപൂർവ്വം ചുമലേറ്റുന്ന ഇടയന്റെ മധുരശബ്ദമായി പരിണമിക്കുന്ന അനുഭവം, ഇന്ന് ഒരുവന് സാധ്യമാകുന്നത് വചനത്തിലൂടെയാണ്. തീ പടർന്നിട്ടും കത്തിയമരാത്ത മുൾപ്പടർപ്പിന്റെ രഹസ്യമറിയാൻ ശ്രദ്ധവയ്ക്കുന്ന മോശെയെ പോലെ, ജീവിതത്തിന്റെ വേവുകളും വേവലാതികളും ആളിപ്പടരുമ്പോൾ, അനശ്വരജീവനായ ആത്മാവിലേക്ക് ശ്രദ്ധവയ്ക്കാൻ സഹായിക്കുന്നത് വചന ധ്യാനമാണ്. ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ 'ഇതാണുവഴി, ഇതിലെ പോവുക' എന്നു കേൾക്കണമെങ്കിൽ, വചനത്തിലൂടെയേ കഴിയൂ. ദൈവവചനം ജീവനുള്ള ദൈവശബ്ദമാണ്.

പാക്കിസ്ഥാനിലെ പ്രശസ്തനായ ഭരണാധികാരിയുടെ ഭാര്യയും ലോകപ്രശസ്ത സുവിശേഷകയുമായിരുന്ന ബിൽക്കിസ് ഷേക്കിനോട് അവരുടെ ബന്ധുവായ മുസ്ലിം വിമർശകൻ പറയുന്നത് 'ജീവനുള്ള ഒരാൾ സംസാരിച്ചു എന്നതുപോലെയാണല്ലോ, നിങ്ങൾ ഈ പുസ്തകത്തിലെ വാക്കുകൾ പറയുന്നത് ...' എന്നാണ്. അതേ, ജീവന്റെ വചസ്സുകൾ, നമുക്ക് ലഭിക്കുന്നത് ഈ പുസ്തകത്തിലൂടെയാണ്. പിന്നെയും പിന്നെയും വായിക്കുമ്പോൾ തെളിഞ്ഞുതെളിഞ്ഞു വരുന്ന അർത്ഥതലങ്ങൾ, ഓരോ മനുഷ്യനിലേക്കും അവന്റെ പാത്രത്തിനനുസരിച്ച് ചൊരിയപ്പെടുന്ന തനിമയാർന്ന ദർശനങ്ങൾ.

ലളിതമെന്ന് തോന്നാവുന്ന ഉപമകളിൽ മറ

ഞ്ഞിരിക്കുന്ന ആഴങ്ങൾ. മുടിയൻ പുത്രന്റെയും, വിതക്കാരന്റെയും പത്തു കന്യകമാരുടെയും പോലെയുള്ള ജനപ്രീതിയാർജ്ജിച്ച കുറച്ചുപമകളും അവയുടെ ജനപ്രീതിയാർജ്ജിച്ച ചില വ്യാഖ്യാനങ്ങളും കൊണ്ട് വചനത്തിന്റെ അറിവിനെ പരിമിതപ്പെടുത്തുന്നത് നിത്യജീവന്റെ വിശാലതയെ തന്നെയാണ്. ക്രിസ്തു, ഉപമകളിലൂടെ സംസാരിച്ചതിന്റെ ഉദ്ദേശം തന്നെ, അവ പിന്നെയും പിന്നെയും പഠിക്കപ്പെടേണ്ടതിനാണല്ലോ. കേൾക്കാൻ ചെവിയുള്ളവൻ, എന്ന പ്രയോഗത്തിലൂടെ, ആവശ്യപ്പെടുന്ന ജാഗ്രതയുള്ള, ചെവിതുറന്ന സമീപനത്തിനാണ് വചനം, വെളിപ്പാടായി ഇമ്പസ്വരമായി കേൾക്കാൻ കഴിയുക.


ചോദിച്ചുവാങ്ങും മുൻപേ, എനിക്കുള്ള വീതം സ്നേഹപിതാവായ ദൈവം എനിക്ക് തന്നു കഴിഞ്ഞിരുന്നുവെന്നും, ബുദ്ധി, ആരോഗ്യം, എഴുതാനും പ്രസംഗിക്കാനുമുള്ള കഴിവ്, സ്നേഹം, കരുതൽ... തുടങ്ങി എണ്ണമറ്റ ധനം അവന്റെ ദാനമായിരുന്നെന്നും, ഞാനതെല്ലാം ധൂർത്തടിച്ചു കളഞ്ഞുവെന്നുമുള്ള സുബോധം എനിക്കുണ്ടായത് ഈയിടെയാണ്. മനുഷ്യ മഹത്വത്തിനായി ചെയ്യുന്ന ഏതൊരു തൊഴിലും, അതൊരു ഡോക്ടറുടേതോ, അധ്യാപകന്റേതോ, സുവിശേഷപ്രഘോഷകന്റെതോ ആകാം, വെറും പന്നി മേയ്ക്കലാണെന്ന് തിരിച്ചറിഞ്ഞതും ഇപ്പോഴാണ്. അതിന്റെ പ്രതിഫലം കൊണ്ട് നമ്മൾ ആസ്വദിക്കുന്ന സുഖസൗകര്യങ്ങളെല്ലാം ജീവനെ പോഷിപ്പിക്കാത്ത വെറും തവിടാണെന്നു ഞാൻ അറിയുന്നത്, മുടിയൻ പുത്രന്റെ ഉപമ എത്രവട്ടം വായിച്ചുകഴിഞ്ഞപ്പോഴാണ്.

വചനം വായിക്കുമ്പോൾ സംശയം തോന്നുന്ന ഭാഗം 'ദൈവമേ ഇതിന്റെ അർത്ഥം ഞാൻ അറിയണമെന്ന് അങ്ങാഗ്രഹിക്കുന്നുവെങ്കിൽ എനിക്ക് പറഞ്ഞു തരണേ' എന്നൊരു പ്രാർത്ഥനയോടെ വായിച്ചുപോകും. മിക്കവാറും ഏതാനും ദിവസങ്ങൾക്കുള്ളിൽ എവിടെ നിന്നെങ്കിലും അതിന്റെ ഉത്തരം എന്നെ തേടിയെത്തും. ഉദാഹരണത്തിന് ലൂക്കോസ് 12: 58–ൽ നിങ്ങൾ പ്രതിയോഗിയുമായി പോകുമ്പോൾ... എന്നു തുടങ്ങുന്ന ഭാഗം വായിക്കുമ്പോൾ ആരാണ് പ്രതിയോഗി, എങ്ങനെയാണ് അയാളോട് നിരക്കാൻ കഴിയുക, എന്ന സംശയം ഉണ്ടാകുമായിരുന്നു. നമ്മുടേതല്ലാത്ത കുറ്റം കൊണ്ടോ, അസൂയ കൊണ്ടോ, സ്വാർത്ഥത കൊണ്ടോ നമ്മളെ വെറുക്കുന്ന ഒരു മനുഷ്യന് നിരക്കാൻ മനസ്സില്ലെങ്കിലോ? ഇനി സാത്താനാണ് പ്രതിയോഗി എങ്കിൽ നിരക്കുന്നത് എങ്ങനെ നീതിയാകും?... സഹോദരനെ ഭോഷാ എന്ന് വിളിക്കുന്നവൻ കൊലപാതകിയ്ക്ക് തുല്യനാണ് എന്ന അർത്ഥത്തിൽ പറഞ്ഞു തുടങ്ങുന്ന മത്തായി 5 :25 നോട് കൂട്ടി വായിക്കുമ്പോഴാണ് ഈ വചനത്തിന്റെ അർത്ഥം വ്യക്തമാകുന്നത്.

**ആയിരക്കണക്കിന് വർഷങ്ങൾക്കു മുൻപ് എഴുതപ്പെട്ട, കോടിക്കണക്കിന് ഉപപുസ്തകങ്ങൾ ഇന്നും രചിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ബൈബിൾ എന്ന പുസ്തകം ഓരോ തവണയും വായിക്കുമ്പോൾ പൗലോസിനെ പോലെ, 'ഹാ! ദൈവജ്ഞാനത്തിന്റെ ആഴമേ' എന്ന് അത്ഭുതം കൂടാതെ വായിക്കാൻ ആവില്ല**

കൊല്ലുന്ന ഒരുവൻ ലോകന്യായത്തിനു മുൻപിൽ ശിക്ഷായോഗ്യനായിരിക്കുന്നതു പോലെതന്നെ സഹോദരനെ നിസാര എന്ന് വിളിച്ച് അവന്റെ വിലയിടിക്കുന്നവൻ ദൈവത്തിന്റെ ന്യായാസനത്തിനു മുൻപിൽ നിൽക്കേണ്ടി വരും എന്ന് പറയുന്ന വചനത്തിന്റെ തുടർച്ചയിൽ നിന്ന്, പ്രതിയോഗി എന്നാൽ നമ്മുടെ വാക്കിനാൽ അപമാനിക്കപ്പെട്ടവൻ, നാം മറ്റുള്ളവരുടെ മുൻപിൽ വച്ച് അധിക്ഷേപിച്ചതിനാൽ മുറിവേൽപ്പിക്കപ്പെട്ടവനും അതുകൊണ്ടുതന്നെ മനസ്സിൽ നമ്മോട് നീരസം പേറുന്നവനും എന്നു വ്യക്തമാകുന്നു. നീ ബലിയർപ്പണത്തിന് വരുമ്പോൾ, ഇങ്ങനെ നീ വേദനിപ്പിച്ച ഒരുവനെ ഓർമ്മ വരുന്നുവെങ്കിൽ അവനോട് നിരന്നു കൊള്ളുക...എത്ര വ്യക്തം, എത്ര പ്രായോഗികം, മറ്റൊരുവന്റെ കാലുഷ്യം കൊണ്ട് ഉണ്ടായ അമർഷത്തെ നിരപ്പാക്കാനല്ല, ക്ഷമിക്കാനേ നമുക്ക് കഴിയൂ. ദൈവവചനം വെറുമൊരു ഉട്ടോപ്യൻ ആശയസംഹിതയല്ല, ആത്മരക്ഷയ്ക്കുള്ള പ്രായോഗിക വഴികളെ ഉപദേശിക്കുന്ന ജീവന്റെ പുസ്തകമാണ്.

ആയിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് എഴുതപ്പെട്ട, കോടിക്കണക്കിന് ഉപപുസ്തകങ്ങൾ ഇന്നും രചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ബൈബിൾ എന്ന പുസ്തകം ഓരോ തവണയും വായിക്കുമ്പോൾ പൗലോസിനെ പോലെ, 'ഹാ! ദൈവജ്ഞാനത്തിന്റെ ആഴമേ'എന്നത്ഭുതം കൂടാതെ വായിക്കാൻ ആവില്ല. പാദങ്ങൾക്ക് വിളക്കായി പാതയിൽ പ്രകാശമായി തെളിയുന്ന വചനസന്നിധിയിലിരിക്കാം നമുക്ക്, പ്രാർത്ഥനയോടെ. •



ജെസ്സി സാജു



# വചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നവൾ

**കൃ**പ ലഭിച്ചവൾ എന്ന തലക്കെട്ടിൽ യേശുവിന്റെ അമ്മയായ മറിയയെക്കുറിച്ചു ഫെബ്രുവരി ലക്കത്തിൽ നാം ചിന്തിച്ചു. കർത്താവിന്റെ കാൽക്കൽ ഇരുന്നു വചനം ശ്രദ്ധയോടെ കേട്ട് ഹൃദയത്തിൽ സംഗ്രഹിക്കുന്ന മറ്റൊരു മറിയയെ നാം ലൂക്കോസ് 10: 38 മുതൽ 42 വരെ കാണുന്നു. രണ്ടാമത്തെ മറിയ ബഥാന്യയിലെ ലാസറിന്റെയും മാർത്തയുടെയും സഹോദരിയായിരുന്നു. ബഥാന്യയിലെ ഈ കുടുംബത്തിലുള്ള എല്ലാവരും യേശുവിനെ ഒരുപോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നവരാണ്. അവരുടെ മാതാപിതാക്കളെക്കുറിച്ചോ മറ്റെന്തെങ്കിലും കാര്യങ്ങളോ ഇവിടെ പരാമർശിക്കുന്നില്ല.

അവരുടെ പ്രതികരണങ്ങളിൽ നിന്ന് മാർത്ത ആയിരുന്നിരിക്കാം ഏറ്റവും മുതിർന്ന സഹോദരി എന്ന് അനുമാനിക്കാം. സ്വാഭാവികമായും സ്വീകരിക്കുന്നതിനും സത്കരിക്കുന്നതിനും മുൻകൈ എടുക്കുന്നത് മുതിർന്നവരായിരിക്കുമല്ലോ. മാർത്ത അടുക്കളയിൽ എത്തി യേശുവിനും തന്നോടൊപ്പമുള്ള ശിഷ്യന്മാർക്കും വേണ്ടതെല്ലാം ഒരുക്കിക്കൊണ്ടിരുന്നു. അവൾ വളരെ അധ്വാനം ചെയ്തു. അതേസമയം മറിയ ഇക്കാര്യങ്ങളിലൊന്നും തന്നെ ശ്രദ്ധിക്കാതെ യേശുവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം കേട്ടുകൊണ്ടിരുന്നു.

അടുക്കളയിൽ ഒറ്റയ്ക്ക് പണിയെടുക്കുന്ന മാർത്ത, സ്വാഭാവികമായും അത്യധ്വാനത്താൽ കുഴങ്ങി. തന്നെ ശുശ്രൂഷയിൽ സഹായിക്കാതെ സഹോദരിയായ മറിയ യേശുവിന്റെ പാദാന്തികത്തിൽ ഇരുന്നുകൊണ്ട് വചനം പഠിക്കുന്നത് കണ്ട മാർത്തയ്ക്കു ദേഷ്യവും സങ്കടവും ഒക്കെ വന്നതും മാനുഷികമായി നമുക്ക് കുറ്റം പറയാൻ കഴിയാത്ത കാര്യങ്ങളാണ്. അവൾ അത് കർത്താവിനോട് ചെന്ന് പരാതിപ്പെടുമ്പോൾ എന്റെ സഹോദരി എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്ക് വിചാരം ഇല്ലയോ എന്ന് യേശുവിനെയും കുറ്റപ്പെടുത്തി ചോദിക്കുന്നത് കാണാം. എന്നെ സഹായിക്കാൻ അവളോട് കൽപ്പിച്ചാലും എന്ന് മാർത്ത യേശുവിനോട് പറയുകയും ചെയ്തു. മാർത്തയുടെ അധ്വാനം അസ്ഥാനത്താണെന്ന് കർത്താവ് പറയുന്നില്ല. എന്നാൽ അവൾ പലതിനെ ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു എന്നായിരുന്നു യേശുവിന്റെ നിരീക്ഷണം. 'എന്നാൽ അല്പമേ വേണ്ടൂ. അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു. അത് ആരും അവളോട്

അപഹരിക്കുകയുമില്ല' എന്ന് മുൻഗണന കൊടുക്കേണ്ടത് ഏതു കാര്യത്തിനാണ് എന്ന് യേശു ഇവിടെ സ്പഷ്ടമാക്കുകയായിരുന്നു. ഇതിൽ നിന്ന് നമുക്കും ഒരു ദൂത് കർത്താവ് നൽകുന്നുണ്ട്. വീടുകളിൽ പ്രാർത്ഥന നടത്തുമ്പോൾ പാചകത്തിരക്കിൽ മുഴുകി വചന പഠനം അവഗണിക്കപ്പെടരുത് എന്ന പ്രസക്തമായ ഒരു പ്രബോധനം.

നല്ല അംശം എന്നത്, ഏറ്റവും മെച്ചമായത് (the best part) എന്നാണ് അർത്ഥമാക്കേണ്ടത്. മാർത്ത ചെയ്തത് നല്ല കാര്യം തന്നെ. എന്നാൽ ഏറ്റവും നല്ലത് യേശുവിന്റെ പാദാന്തികെ ഇരുന്ന് പഠിക്കുന്നതാണ്. രണ്ടും ആവശ്യമുള്ളതാണ്. മാർത്ത യേശുവിനെ ശുശ്രൂഷിക്കുമ്പോൾ മറിയ യേശുവിനാൽ ശുശ്രൂഷിക്കപ്പെടുകയാണ്. മാർത്ത യേശുവിന് ഭക്ഷണം ഒരുക്കി. എന്നാൽ യേശു നിത്യജീവന്റെ ഭക്ഷണം മറിയയ്ക്ക് ധാരാളമായി കൊടുത്തു.

ദൈവരാജ്യത്തിൽ മാർത്തയും മറിയയും ഉണ്ട്. യേശുവിനെ ശുശ്രൂഷിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ വീട്ടിൽ വരുന്ന അതിഥികളെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുക എന്നത് ഒരു സ്ത്രീയുടെ ധർമ്മമാണ്. 'അതിഥി സൽക്കാരം ആചരിക്ക'. അതൊരു കല്പനയുമാണ്. എന്നാൽ അതിൽ 'കുഴങ്ങി' പോകരുത്. നാം ചെയ്യുന്നത് എല്ലാം സന്തോഷത്തോടെ ചെയ്യണം. അടുക്കളയിലെ ശുശ്രൂഷ അനിവാര്യം തന്നെ. എന്നാൽ, ദൈവത്തിൽ നിന്ന് കേൾക്കുന്നതിന് അത് തടസ്സമാകരുത്. ദൈവശുശ്രൂഷയിൽ പോലും ഏറ്റവും പ്രാധാന്യം ദൈവസന്നിധിയിൽ ഇരുന്ന് ദൈവവചനം കേൾക്കുന്നതാണ്. അതാണ് നല്ല അംശം. കർത്താവ് പറഞ്ഞു: 'അത് മറിയയിൽ നിന്ന് ആരും അപഹരിക്കുകയില്ല'. അതുകൊണ്ട് നിരന്തരം ദൈവസംസർഗ്ഗം അനുഭവിക്കുവാനും ദൈവത്തിന്റെ പാദപീഠത്തിൽ ഇരുന്നു ദൈവശബ്ദം കേൾക്കുവാനും നാം സദാ ജാഗരൂകരായിരിക്കേണ്ടതാണ്.

തുടർന്ന് മറിയയെ നാം കാണുന്നത് യോഹന്നാന്റെ സുവിശേഷം 11,12 അധ്യായങ്ങളിലാണ്. യോഹന്നാൻ 11: 32 ൽ യേശു ഇരിക്കുന്ന ഇടത്ത് എത്തി അവന്റെ കാൽക്കൽ വീണു അവനോട് സംസാരിക്കുന്നതാണ്. അവരുടെ ദു:ഖം കണ്ടിട്ട് യേശു ഉള്ളം നൊന്തു കലങ്ങി അവരുടെ വേദനയിൽ പങ്കുചേർന്നു, അവരോടൊപ്പം കരഞ്ഞു. ലാസറിനെ ഉയിർപ്പിക്കുവാനാണ് താൻ വന്നത് എന്നതിനാൽ കരയേണ്ട ആവശ്യം ഇല്ലായിരുന്നുവെങ്കിലും നമ്മുടെ സങ്കടത്തിൽ നമ്മോടു താദാത്മ്യം പ്രാപിക്കുന്ന മനസ്സലിവുള്ള യേശുവിനെ നാം ഇവിടെ ദർശിക്കുന്നു. തുടർന്ന് ലാസറിനെ ഉയിർപ്പിച്ചുകൊണ്ടു ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു എന്ന് അവർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതായി കാണുന്നു.

യേശു മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച ലാസർ പാർത്ത ബഥാന്യയിലേക്ക് യേശു പെസഹയ്ക്ക് ആറു ദിവസം മുമ്പ് വന്നു (യോഹന്നാൻ 12:1). അന്നും നാം മാർത്തയെ കാണുന്നത് ശുശ്രൂഷ ചെയ്യുന്നവൾ ആയിട്ടാണ്. എങ്കിലും യാതൊരു പരാതിയോ പിറുപിറുപ്പോ ഇല്ലാതെയായിരുന്നു അന്ന് മാർത്ത കാണപ്പെട്ടത്. മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ട ലാസറും യേശുവിനോട് കൂടെ പന്തിയിൽ ഇരുന്നിരുന്നു. അപ്പോൾ മറിയ വിലയേറിയ സ്വച്ഛ ജടാമാംസി തൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി. തന്റെ തലമുടി കൊണ്ട് കാൽ തുവർത്തി: തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു.

യേശുവിൽ നിന്ന് ശുശ്രൂഷ സ്വീകരിച്ച മറിയ സാധാരണയിൽ നിന്ന് വ്യത്യസ്തമായി യേശുവിനെ ശുശ്രൂഷിക്കുകയാണ്. അവൾ വിലയേറിയ സ്വച്ഛജടാമാംസി തൈലം എടുത്ത് യേശുവിന്റെ കാലിൽ പൂശി. അതിന്റെ സൗരഭ്യം വീട് മുഴുവൻ നിറഞ്ഞു. ഇന്നും സുവിശേഷം പ്രഘോഷിക്കുമ്പോൾ അതിന്റെ സൗരഭ്യം ലോകമെമ്പാടും പരന്നുകൊണ്ടേയിരിക്കുന്നു. നാം ചെയ്യുന്ന ദൈവ പ്രവർത്തി മറ്റുള്ളവർക്ക് സൗരഭ്യം നൽകുന്നതായിരിക്കണം

ഏറ്റവും വിലയേറിയതൊക്കെ യേശുവിന് കൊടുക്കാനായി അവൾ തയ്യാറായി. അത് കണ്ടു നിന്നവരത്ഭുതപ്പെട്ടുപോയി. അത് അത്രത്തോളം വിലയേറിയതായിരുന്നു. യേശുവിന്റെ ശിഷ്യനായ യൂദായുടെ പ്രതികരണം ഈ തൈലം 300 വെള്ളി കാശിന് വിറ്റ് ദരിദ്രർക്ക് കൊടുക്കാത്തത് എന്ത് എന്ന് ആയിരുന്നു.

യൂദാ യേശുവിനെ ഒറ്റിക്കൊടുത്തത് 30 വെള്ളി കാശിനാണ്. ഈ തൈലത്തിനു 300 വെള്ളി കാശ് വരുമെന്ന് യൂദ തന്നെ പറയുന്നു. എത്രയേറെ വിലയേറിയതാണ് ഈ തൈലം എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. മറിയയുടെ മുഴുവൻ സമ്പാദ്യവും അവൾ യേശുവിനു തൈലം പൂശാൻ ഉപയോഗിച്ചു. അതൊരു വെറും ചെലവായി യൂദയ്ക്ക് തോന്നിയെങ്കിലും യേശു അത് വെറും ചെലവായി കണക്കാക്കിയില്ല. ഇത്

# ഇളകാത്ത രാജ്യം വരുന്നുവല്ലോ

**കൊ**ടുങ്കാറ്റിൽ ആടിയുലയുന്ന പടകിൽ യാത്രചെയ്യേണ്ടിവന്നാൽ മനസ്സ് എത്ര അസ്വസ്ഥമായിരിക്കും. ജീവിതയാത്രയിൽ സുസ്ഥിരമായ അന്തരീക്ഷത്തിൽ സ്വസ്ഥമായി ദിവസങ്ങൾ ചിലവഴിക്കാനാണ് ഏവർക്കും താൽപര്യം. കണക്കുകൂട്ടലുകൾ തെറ്റുന്നതും, ജീവിതസാഹചര്യങ്ങൾ മാറിമറിയുന്നതും നിമിത്തം മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെടുന്ന മനുഷ്യൻ സമനിലതെറ്റിയതുപോലെ പെരുമാറുന്നതും നാം കാണാറുണ്ട്.

കോളിളക്കങ്ങൾ ഉണ്ടായി പ്രക്ഷുബ്ധമായ അന്തരീക്ഷം ഉടലെടുക്കുന്ന ഒരു ഇടമാണു കുടുംബം. വ്യത്യസ്തചിന്താഗതികളും ജീവിതവീക്ഷണവും ആത്മികനിലവാരവുമുള്ളവർ ഒരു കുടുംബത്തിൽ തന്നെയുണ്ടാകും എന്നതാണിതിന്റെ പ്രധാനകാരണം. അപ്രതീക്ഷിതമായി കുടുംബത്തിൽ സംഭവിക്കുന്ന ദുരന്തങ്ങൾ, വേർപാടുകൾ തുടങ്ങിയവയും മറ്റു കാരണങ്ങളാകാറുണ്ട്.

ഈ ലോക ഭരണ സംവിധാനങ്ങളിലും അപ്രതീക്ഷിതമായല്ലേ ഭൂകമ്പങ്ങൾ സംഭവിക്കുന്നത്. ശാന്തമായ അന്തരീക്ഷമാണെന്നും രാഷ്ട്രനിർമാണപ്രവർത്തനങ്ങളിൽ ഭരണാധികാരികൾ വിജയകരമായി മുന്നേറുന്നുവെന്നുമൊക്കെ മനസ്സിൽ കണക്കുകൂട്ടുമ്പോഴായിരിക്കും ആകെ പിടിച്ചുകുലുക്കുന്നതുപോലുള്ള സംഭവങ്ങൾ ഉരുവായി വരുന്നത്.

ലോകത്തിന്റെ, പ്രത്യേകിച്ച് ഈ കാലഘട്ടത്തിന്റെ പൊതുസ്വഭാവമാണിതെന്ന് ഏവരും സമ്മതിക്കും. മനുഷ്യപരിശ്രമങ്ങൾക്ക് ഒന്നിനെയും ഉറപ്പിച്ചു നിർത്താൻ സാധ്യമല്ല. ഇളകിമറിയുന്ന അന്തരീക്ഷത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന എന്തിലെങ്കിലും കയറിപ്പിടിച്ചതുകൊണ്ടും രക്ഷപെടാനാവില്ല. ഇളകാതെ ഉറപ്പുള്ളതെന്തെങ്കിലും കണ്ടെത്തി അതിലാണ് മുറുകെപ്പിടിക്കേണ്ടത്.

ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ, വിശേഷതയുള്ള വാഗ്ദത്തങ്ങളിന്മേലാണ് നമ്മുടെ ആശ്രയം. ക്രിസ്തുവാകുന്ന പാറയിലാണ് നമ്മുടെ ചുവടുകൾ ഉറയ്ക്കേണ്ടത്. ബാഹ്യലോകത്തിൽ അസ്വസ്ഥത വിതയ്ക്കുന്ന ഇരുട്ടിന്റെ വ്യാപാരശക്തിയുടെ സ്വാധീനം കുടുംബം ഉൾപ്പെടെയുള്ള ആത്മികസംവിധാനങ്ങളുടെ അതിരുകൾ ഭേദിച്ച് അകത്തു കടക്കാതെ ജാഗ്രതപുലർത്തണം. ഇളകാത്ത രാജ്യം പ്രാപിക്കാനുള്ളവരാണു നാം (എബ്രായർ 12:28). ഈ ഇളകുന്ന ലോകത്തിൽ പാർക്കുമ്പോഴും ഇളകാത്ത രാജ്യ (ദൈവരാജ്യം) നിയമവ്യവസ്ഥകളുടെയും വാഗ്ദത്തങ്ങളുടെയും സംരക്ഷണത്താൽ ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി നിലകൊള്ളാം. കാഴ്ചപ്രകാരം ജീവിച്ചാൽ അതു സാധ്യമല്ല, മറിച്ച് വിശ്വാസത്താൽ ജീവിക്കണം. ●

23▶ വചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നവൾ

എന്റെ ശവസംസ്കാരത്തിനു മുമ്പായി അവൾ ചെയ്ത നല്ല പ്രവർത്തിയാണ് എന്ന് യേശു അവളെ ശ്ളാഘിക്കയാണ് ചെയ്തത്. യേശുവിനു വേണ്ടി നാം ചെലവഴിക്കുന്നത് ഒന്നും പാഴ്ചിലവല്ല.

ബഥാന്യയിലെ മറിയ യേശുവിന്റെ പാദപീഠത്തിൽ സമയം ചിലവഴിച്ചു. യേശുവിൽ നിന്ന് ജീവന്റെ മൊഴികൾ പ്രാപിച്ചു. അതുപോലെ അവൾ തനിക്കുള്ളതൊക്കെയും ചെലവിട്ട് യേശുവിനെ ശുശ്രൂഷിച്ചു. രണ്ടിടത്തും യേശു മറിയയെ പ്രകീർത്തിക്കുകയാണ്. നമ്മുടെ ജീവിതത്തിലും യേശുവിന്റെ പാദപീഠത്തിൽ നാം സമയം ചിലവഴിക്കുമ്പോഴും യേശുവിനായി നമുക്കുള്ളതൊക്കെയും ചെലവഴിക്കുമ്പോഴും യേശുവിൽ നിന്ന് നമുക്ക് പ്രശംസ ലഭിക്കും. നിസ്വാർത്ഥമായ നമ്മുടെ ദൈവ പ്രവർത്തികൾ ദൈവത്താൽ പ്രകീർത്തിക്കപ്പെടുകയും ലോകത്തിൽ ഘോഷിക്കപ്പെടുകയും ചെയ്യും. ●

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമ്മങ്ങൾ



ജോയ് എം. തോമസ്

# പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും

*തന്റെ മുന്തിരിത്തോപ്പിലേക്ക് കൂലിവേലക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട ഒരു ഭൂവുടമയോട് സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. ദിവസം ഒരു വെള്ളിക്കാശ് കൂലിയായി നൽകാമെന്ന് സമ്മതിച്ച് അദ്ദേഹം ജോലിക്കാരെ മുന്തിരിത്തോപ്പിലേക്ക് ജോലിചെയ്യുന്നതിനായി പറഞ്ഞയച്ചു. രാവിലെ ഏകദേശം ഒൻപതുമണിക്ക് അദ്ദേഹം പുറത്തുപോയപ്പോൾ ചിലർ ചന്തസ്ഥലത്ത് ജോലിയൊന്നുമില്ലാതെ നിൽക്കുന്നത് കണ്ടു. അദ്ദേഹം അവരോട് എന്റെ മുന്തിരിത്തോപ്പിലേക്കു നിങ്ങളും ചെല്ലുക; ന്യായമായ വേതനം ഞാൻ നിങ്ങൾക്കു നൽകാം എന്ന് പറഞ്ഞു. അങ്ങനെ അവർ പോയി. അദ്ദേഹം വീണ്ടും, ഉച്ചയ്ക്കും ഉച്ചതിരിഞ്ഞ് ഏകദേശം മൂന്നു മണിക്കും പുറത്തേക്കു പോയി, മുമ്പ് ചെയ്തതുപോലെതന്നെ ചെയ്തു. അന്നു വൈകുന്നേരം ഏകദേശം അഞ്ചുമണിക്കും അദ്ദേഹം പുറത്തുപോയപ്പോൾ മറ്റുചിലർ വെറുതെ നിൽക്കുന്നത് കണ്ടു. അദ്ദേഹം അവരോട്, നിങ്ങൾ പകൽ മുഴുവൻ ഒരു പണിയും ചെയ്യാതെ ഇവിടെ വെറുതെ നിൽക്കുന്നത് എന്ത്? എന്ന് ചോദിച്ചു. ആരും ഞങ്ങളെ വേലയ്ക്കു വിളിക്കാത്തതുകൊണ്ടാണ്, എന്ന് അവർ ഉത്തരം പറഞ്ഞു. നിങ്ങളും പോയി എന്റെ മുന്തിരിത്തോപ്പിൽ ജോലി ചെയ്യുക, അദ്ദേഹം അവരോട് പറഞ്ഞു. സന്ധ്യയായപ്പോൾ മുന്തിരിത്തോപ്പിന്റെ ഉടമസ്ഥൻ തന്റെ കാര്യസ്ഥനോട്, ഏറ്റവും ഒടുവിൽ വന്നവർ മുതൽ ആദ്യം വന്നവർ എന്ന ക്രമത്തിൽ വേലക്കാരെ വിളിച്ച് അവർക്ക് അവരുടെ കൂലി കൊടുക്കുക എന്ന് പറഞ്ഞു...*(മത്തായി 20:1–16)

പിമ്പന്മാർ പലരും മുമ്പന്മാരും മുമ്പന്മാർ പലരും പിമ്പന്മാരും ആയിത്തീരും (മത്തായി 19: 30, 20: 16) എന്നത് സ്വർഗ്ഗരാജ്യത്തോട് അനുബന്ധിച്ചുള്ള ഒരു മർമ്മമാണ്. ദൈവേഷ്ടത്തിന്റെ പൂർത്തീകരണമുള്ളയിടമാണ് സ്വർഗ്ഗം. ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ എന്ന് പ്രാർത്ഥിക്കുവാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. സ്വർഗ്ഗരാജ്യം മനുഷ്യർ വിവക്ഷിക്കുന്നത് പോലെയല്ല. ന്യായവും കരുണയും സത്യവും എല്ലാം ഒരുമിച്ചു സമ്മേളിക്കുന്ന നീതിവ്യവസ്ഥയാണ് സ്വർഗ്ഗരാജ്യത്തിൽ ഉള്ളത്. എന്തുകൊണ്ടെന്നാൽ മഹാപരിശുദ്ധനായ കർത്താവ് വാഴുന്നതാണ് സ്വർഗ്ഗരാജ്യം. സ്വർഗ്ഗരാജ്യത്തിൽ, ഭൂമിയിൽ മുമ്പന്മാരായിരുന്നവർ പലരും പിമ്പന്മാരാകുന്നതും പിമ്പന്മാർ മുമ്പന്മാരാകുന്നതുമായ വിസ്മയം ഉണ്ടാകും എന്ന് കർത്താവ് മുൻകൂട്ടി പറഞ്ഞിരിക്കുന്നു. കർത്താവിന്റെ വാക്കുകളെ ലൂക്കോസ് ഇങ്ങനെ രേഖപ്പെടുത്തുന്നു: മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായിത്തീരുന്ന മുമ്പന്മാരും ഉണ്ട് (ലൂക്കോസ് 13:30).

എന്താണ് വിസ്മയകരമായ ഈ മാറ്റത്തിന് കാരണം? കർത്താവ് പറഞ്ഞ സാദൃശ്യത്തിൽ അതിന്റെ ഉത്തരം ഉണ്ട്. തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിനു പുലർച്ചയ്ക്കു പുറപ്പെട്ട ഒരു വീട്ടുടമയോട് സാദൃശ്യപ്പെടുത്തിയാണ് സ്വർഗ്ഗരാജ്യത്തിന്റെ നയം കർത്താവു വ്യക്തമാക്കുന്നത്. വേലക്കാരോടു ഈ വീട്ടുടമ ഒരു കൂലി പറഞ്ഞൊത്തിരുന്നു. ഒരു ദിവസത്തെ കൂലി ഒരു വെള്ളിക്കാശ്. അത് ന്യായമായ കൂലിയാണ്. രാവിലെ 6 മുതൽ വൈകിട്ട്

6 വരെയാണ് ഒരു ദിവസം. രാവിലെ തന്നെ ആദ്യ ബാച്ച്‌വേലക്കാരെ മുന്തിരിത്തോട്ടത്തിന്റെ ഉടമ വേലയ്ക്കയച്ചു.

ആരെങ്കിലും തങ്ങളെ വേലയ്ക്കു വിളിക്കേണ്ടതിനു വേലക്കാർ സംഗമിക്കുന്ന ഒരു ഇടമുണ്ട്. അവിടെനിന്നാണ് ആദ്യ ബാച്ച് വേലക്കാരെ ഉടമസ്ഥൻ പുലർച്ചെ കണ്ടെത്തിയത്. എബ്രായസമയം രാവിലെ മൂന്നാം മണി നേരം, അതായതു റോമൻ സമയം 9 മണിക്ക് മറ്റൊരു ബാച്ചിനെ കൂടി മുന്തിരിത്തോട്ടത്തിലേയ്ക്കു ഉടമസ്ഥൻ പറഞ്ഞയച്ചു. ജോലി ലഭിക്കാതെ അവർ ചന്തയിൽ മിനക്കെട്ടു നിൽക്കുകയായിരുന്നു. അവരുടെ കൂലി സംബന്ധിച്ച് ന്യായമായതു തരാം എന്ന് അദ്ദേഹം ഉറപ്പു നൽകി. മൂന്നാമത്തെ ബാച്ചിനെ അയയ്ക്കുന്നത് ആറാം മണിക്കു അഥവാ ഉച്ചയ്ക്ക് 12 മണിക്കാണ്. അവർക്കും ന്യായമായതു കൊടുക്കാം എന്നുറപ്പ് കൊടുത്തു. നാലാമത് ഒരു കൂട്ടരെക്കൂടി അയയ്ക്കുന്നത് ഉച്ച കഴിഞ്ഞു ഒമ്പതാം മണി നേരത്തു അതായതു 3 മണിക്കാണ്. അവർക്കും ന്യായമായതു കൊടുക്കാം എന്ന് പറഞ്ഞു. പകൽ മുഴുവൻ ജോലിയില്ലാതെ മിനക്കെട്ടു നിന്ന, ആരും ഞങ്ങളെ കൂലിക്കു വിളിച്ചില്ല എന്ന് നിസ്സഹായതയിൽ പറയുന്ന വേറൊരു കൂട്ടരെ പതിനൊന്നാം മണിനേരത്തു അതായതു വൈകിട്ട് 5 മണിക്ക്, കണ്ടെത്തി. ഇവരെയും ഉടമസ്ഥൻ തന്റെ മുന്തിരിത്തോട്ടത്തിലേയ്ക്കു അഞ്ചാമത്തെ ബാച്ച് ആയി അയച്ചു. ഒരു മണിക്കൂർ മാത്രമാണ് അവർക്കു ജോലി ചെയ്യുവാൻ ലഭിക്കുന്നത്, എന്നുവച്ചാൽ വൈകിട്ട് 5 മുതൽ 6 വരെ, എബ്രായസമയം 11 മണി മുതൽ 12 വരെ. അവരോടും ന്യായമായതു തരാം എന്ന് പറഞ്ഞു, അയച്ചു.

സന്ധ്യക്ക് വേലക്കാർക്ക് കൂലി കൊടുക്കുന്ന സമയത്താണ് യജമാനന്റെ ഉത്തമവും ഉദാത്തവുമായ മനോഭാവവും വേലക്കാരുടെ ഇടുങ്ങിയതും വികലവുമായ ദോഷ മനോഭാവവും വെളിപ്പെടുന്നത്. ഉടമസ്ഥൻ അവസാനം വന്ന വേലക്കാർക്ക് ആദ്യം കൂലി കൊടുത്തു. അത് എത്ര എന്നറിയുവാൻ മറ്റുള്ളവർ ആകാംഷയോടെ ശ്രദ്ധിച്ചു. ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവർക്ക് ഒരു വെള്ളിക്കാശ്. അതായതു ഒരു മുഴുവൻ ദിവസത്തെ കൂലി. ഉടമസ്ഥൻ എത്ര ഉദാരമനസ്കൻ!

മുന്തിരിത്തോട്ടത്തിൽ നിരവധി വേലക്കാരുടെ ആവശ്യം ഉണ്ടായിരുന്നതിനാൽ വ്യത്യസ്ത സമയങ്ങളിലായി മിനക്കെട്ടു നിന്നവരെ അന്വേഷിച്ചു കണ്ടെത്തി വേലയ്ക്കയച്ചത് ഉടമസ്ഥന്റെ അവരോടുള്ള കരുണ ആയിരുന്നു. അത് തിരിച്ചറിഞ്ഞവർ തങ്ങളോട് ദയ കാണിച്ച ഉടമസ്ഥനോട്, തങ്ങൾക്കർഹതയില്ലാത്ത പ്രതിഫലം നൽകിയതിൽ നന്ദിയുള്ളവരും സന്തുഷ്ടരുമായിരുന്നു. ഉടമസ്ഥന്റെ കരുണ രുചിച്ചറിഞ്ഞ നന്ദിയുടെ മനോഭാവമാണ് പിമ്പന്മാരായിരുന്ന അവരെ മുമ്പന്മാരാക്കി തീർത്തത്.

ദൈവകൃപയിൽ പൂർണ്ണമായും ശരണപ്പെടുന്നവരെയാണ് പിമ്പന്മാർ പ്രതിനിധാനം ചെയ്യുന്നത്. അവർക്കു അന്ന് മുന്തിരിത്തോട്ടത്തിൽ ജോലി ലഭിച്ചത് ഉടമസ്ഥന്റെ കൃപയാൽ മാത്രമാണ്. അവർ അല്പസമയമേ ജോലി ചെയ്തുള്ളു എങ്കിലും അത് വളരെ ഉത്സാഹത്തോടും ആത്മാർത്ഥതയോടും കൂടെയായിരുന്നു. ഇത് തന്നെയാണ് ഒരു യഥാർത്ഥ ഭക്തന്റെ ചിന്തയും ആഗ്രഹവും. ദൈവത്തെ അറിയുവാനും ദൈവത്തിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനും കഴിയുന്നത് ദൈവകൃപയാൽ മാത്രമാണ്. രക്ഷിക്കപ്പെട്ടതും രക്ഷയിൽ നിലനിൽക്കുന്നതും ദൈവകൃപയാൽ മാത്രം. വിശുദ്ധിയിൽ വളരുന്നതും ലോകമെങ്ങും കർത്താവിന്റെ സാക്ഷിയാകുന്നതും ദൈവകൃപ ഒന്നുകൊണ്ടു മാത്രം. കർത്താവിന്റെ മഹത്വത്തിനായി നമ്മിലൂടെ എന്തെല്ലാം ദൈവം ചെയ്യുന്നുവോ, അതെല്ലാം ദൈവകൃപ. പൗലോസ് അപ്പോസ്തലന്റെ സാക്ഷ്യവും ഏറ്റുപറച്ചിലും ശ്രദ്ധിക്കുക: "എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ!" (1 കൊരിന്ത്യർ 15: 10)

സ്വയത്തിലും സ്വന്ത കഴിവുകളിലും നേട്ടങ്ങളിലും പുകഴുന്നവരിൽ ദൈവം പ്രസാദിക്കുന്നില്ല. പ്രത്യുത ദൈവത്തിന്റെ കരുണയിൽ പ്രത്യാശ അർപ്പിക്കുന്നവരിൽ കർത്താവു പ്രസാദിക്കുന്നു. യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു (സങ്കീർത്തനം 33: 18). തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു (സങ്കീർത്തനം 147: 11). യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്, ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്, ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ, യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതി

യും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ, ഇതിൽ അല്ലയോ എനിക്ക് പ്രസാദമുള്ളതു എന്ന് യഹോവയുടെ അരുളപ്പാടു." (യിരെമ്യാവ് 9: 23,24). ഈ യാഥാർത്ഥ്യത്തെ അടിവരയിടുന്ന വചനങ്ങളാണ് ഇവ. സ്വയത്തിൽ ആശ്രയിച്ചു സ്വയനീതി സ്ഥാപിക്കുവാൻ ശ്രമിക്കുന്നവരുടെ പ്രതിനിധികളായിട്ടാണ് മുമ്പന്മാരെ കാണുവാൻ കഴിയുന്നത്. അവരോടു പറഞ്ഞൊത്ത കൂലിക്കായിട്ടാണ് അവർ മുന്തിരിത്തോട്ടത്തിൽ വേല ചെയ്തത്. തങ്ങളെ തിരഞ്ഞെടുത്തു ജോലി നൽകി മുന്തിരിത്തോട്ടത്തിൽ ആക്കിയ ഉടമസ്ഥന്റെ തങ്ങളോടുള്ള കരുണ മുമ്പന്മാർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. പകലത്തെ ഭാരവും വെയിലും സഹിച്ച ഞങ്ങൾ (മത്തായി 20: 12)എന്ന മനോഭാവമാണ് അവർക്കുണ്ടായിരുന്നത്. മറ്റുള്ളവരെക്കാൾ കൂടുതൽ കൂലി തങ്ങൾ അർഹിക്കുന്നു എന്ന അഹങ്കാര മനോഭാവമാണ് അവർ വെളിവാക്കുന്നത്. ഈ മനോഭാവമാണ് അവരെ പിമ്പന്മാരാക്കിത്തീർത്തത്.

ഞാൻ ആകുന്നത് ദൈവകൃപയാലാണ് എന്ന് തിരിച്ചറിയുന്ന ഓരോരുത്തരും മറ്റുള്ളവരെ വിധിക്കാതെ, താഴ്മയുള്ളവരും ദൈവകൃപയിൽ നിരന്തരം ശരണപ്പെടുന്നവരും ആയിരിക്കും. അവർക്കു സന്തോഷിക്കുവാനും പ്രശംസിക്കുവാനുമുള്ളതു കർത്താവിലും തന്റെ ക്രൂശുമരണത്തിലും ആണ്. അവരുടെ മുഴുവൻ യോഗ്യതയും യേശുവിലും യേശുവിൽ മാത്രവുമാണ് അവർ ദർശിക്കുന്നത്. നാമും അങ്ങനെ തന്നെയോ എന്ന് നമുക്ക് നമ്മെ തന്നെ ശോധന ചെയ്യാം.

പിറുപിറുക്കുന്ന മുമ്പന്മാരോട് ഉടമസ്ഥൻ ചോദിക്കുന്നു, "നിനക്ക് തന്നതുപോലെ ഈ പിമ്പനും കൊടുപ്പാൻ എനിക്ക് മനസ്സുണ്ട്. എനിക്കുള്ളതിനെ കൊണ്ട് മനസ്സുപോലെ ചെയ്യാൻ എനിക്ക് ന്യായമില്ലയോ? ഞാൻ നല്ലവൻ ആകുകകൊണ്ടു നിന്റെ കണ്ണ് കടിക്കുന്നുവോ?" (മത്തായി 20: 14,15). ഉടമസ്ഥന്റെ സമ്പത്തു തന്റെ ഇഷ്ടപ്രകാരം വിനിയോഗം ചെയ്യുവാൻ തനിക്കു അധികാരമുണ്ട്. ഇവിടെ ഉടമസ്ഥന്റെ കരുണയുള്ള മനസ്സിനെയും സർവ്വാധികാരത്തെയും നാം തിരിച്ചറിയണം. എന്നാൽ മുമ്പന്മാർക്കു അത് സാധിച്ചില്ല. നാം ഓരോരുത്തരും നമ്മുടെ കർത്താവിന്റെ കരുണ നിറഞ്ഞ ഉദാരമനസ്സിനെയും സർവ്വാധികാരത്തെയും തിരിച്ചറിയണം. അവിടുന്ന് മുഖപക്ഷമില്ലാതെ എല്ലാവരെയും സ്നേഹിക്കുന്നു. നാം സ്വയത്തിൽ ആശ്രയിക്കാതെയും സ്വയപ്രശംസയിൽ സന്തോഷിക്കാതെയും ഇരിക്കണം. നമ്മിലേക്ക് അളവില്ലാതെ പകരുന്ന ദൈവകൃപ മനസ്സിലാക്കി എപ്പോഴും കർത്താവിൽ സന്തോഷിക്കുക.

യിസ്രയേൽ ജനം വാസ്തവത്തിൽ മുമ്പന്മാരായിരുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും മശിഹായുടെ വാഗ്ദത്തം പ്രാപിച്ചവരും. ദൈവത്തിന്റെ സ്വന്തജനം. എങ്കിലും അവരിൽ പലർക്കും മശിഹായെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. അവർ സ്വയനീതിയിൽ ആശ്രയിച്ചു ന്യായപ്രമാണത്തിന്റെ ആചരണത്തിൽ പ്രശംസിച്ചു ദൈവകൃപ തിരിച്ചറിയാതെ അവർ പിമ്പന്മാരായിത്തീർന്നു. പിമ്പന്മാരായിരുന്ന ജാതികൾ, കൃപയാൽ യേശുവിൽ വിശ്വസിച്ചു നീതീകരിക്കപ്പെട്ടു മുമ്പന്മാരാകുവാൻ ദൈവം കരുണ കാണിച്ചു. മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരുമായിത്തീർന്ന അതിവിസ്മയനീയമായ സംഭവം!

നിത്യജീവൻ പ്രാപിക്കുവാൻ നന്മ ചെയ്യുവാനിഷ്ടപ്പെട്ട ധനവാനായ ചെറുപ്പക്കാരൻ, ബാല്യം മുതൽ കല്പനകളെ പ്രമാണിക്കുന്നവനെന്നു അവകാശപ്പെട്ടു, യേശുവിന്റെ അരികിൽ വന്നു. അവന്റെ കുറവായി യേശു കണ്ട ദ്രവ്യാഗ്രഹം ഇല്ലായ്മ ചെയ്യുവാൻ നിനക്കുള്ളത് വിറ്റു ദരിദ്രന്മാർക്കു കൊടുക്ക എന്ന നിർദ്ദേശത്തിന്റെ മുമ്പിൽ, ധനത്തിൽ പിടിമുറുക്കി, യേശുവിനെ നേടുവാൻ കഴിയാതെ ദു:ഖിതനായി മടങ്ങിപ്പോയി. എങ്കിലും ദരിദ്രരും സാധാരണക്കാരും പഠിപ്പില്ലാത്തവരുമായ അപ്പോസ്തലന്മാർ സകലവും വിട്ടു ഒരു പ്രശംസയും അവകാശപ്പെടാതെ കർത്താവിനെ അനുഗമിച്ചു. ഇവിടെയും പിമ്പന്മാർ മുമ്പന്മാരായിത്തീർന്ന സത്യം മഹാവിസ്മയമെന്നവണ്ണം ആവർത്തിച്ചു. ഈ വിസ്മയം ഇനിയും ആവർത്തിച്ചുകൊണ്ടേയിരിക്കും.

സകലവും വിട്ടു തന്നെ അനുഗമിച്ച ശിഷ്യന്മാരോട് അവർ വിട്ടുകളഞ്ഞതെല്ലാം നൂറുമടങ്ങായി നിത്യതയിൽ ലഭിക്കും എന്നും നിത്യജീവനെയും അവർ പ്രാപിക്കും എന്നും യേശു ഉറപ്പായി പറയുമ്പോൾ അവരെയും ഇക്കാര്യം ഓർമ്മിപ്പിച്ചു. എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും. സകലവും വിട്ടു അനുഗമിച്ചവരുടെ മനോഭാവം മാറിയാൽ അതായതു മുമ്പന്മാരുടെ മനോഭാവമായിത്തീർന്നാൽ അവർ പിന്തള്ളപ്പെടും എന്നത് ഒരു യാഥാർഥ്യമാണ്. നാം ഏതു മനോഭാവത്തിനുടമ എന്ന് നമ്മെത്തന്നെ ശോധന ചെയ്യാം.

■

കാൽച്ചവിട്ട് തീർന്നു... യഹോവ ദൈവമെങ്കിൽ അവനെ... ബാൽ എങ്കിൽ അവനെ! തീരുമാനത്തിനു നേരമായി!

വേദപുസ്തകത്തിലെ 'ചരിത്രമുഹൂർത്ത'ങ്ങളിലൊന്നാണിത്! ശരിക്കും 'വേർപാടി'ന്റെ ദിനം! മോശെയും യോശുവയുമൊക്കെ ഇതുപോലെതന്നെ ഇരുമനസ്സുള്ളവരെ വെട്ടിലാക്കിയവരാണ്. ജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കി 'യഹോവ' യെന്നു വിളിച്ച് ആഘോഷമായി ആരാധിച്ചപ്പോൾ മോശെ അതിനെയെടുത്ത് തല്ലിപ്പൊട്ടിച്ച് പൊടിയാക്കി വെള്ളത്തിൽ വിതറി യിസ്രായേൽമക്കളെ കുടിപ്പിച്ചു; പിന്നെ പറഞ്ഞു: "യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ" (പുറപ്പാട് 32: 20-26). "യഹോവയെ സേവിക്കുന്നത് നന്നല്ലെന്ന് നിങ്ങൾക്കു തോന്നിയാൽ നിങ്ങൾക്ക് ഏതു ദൈവത്തിന്റെ പിന്നാലെയും പോകാം" (യോശുവ 24: 15) എന്ന് യോശുവയും ജനങ്ങളോടു പറഞ്ഞു. ഇപ്പോൾ ഏലീയാവും അതുതന്നെ പറയുന്നു! അതെ, തീരുമാനമെടുക്കേണ്ടപ്പോൾ തീരുമാനമെടുത്തേ പറ്റൂ...

അടുത്തതായി നാം കാണുന്നത് ഏലീയാവ് കളിയിലെ പന്ത് എതിരാളികളായ ബാൽ പ്രവാചകന്മാരുടെ കോർട്ടിലേക്ക് ഇട്ടുകൊടുക്കുന്നതാണ്. "ഗോളടിച്ചോളൂ". പരീക്ഷണമാണ് ഇത്! രണ്ടുകൂട്ടർക്കും അവരവരുടെ ദൈവത്തിനായി ഒരു യാഗാർപ്പണം നടത്താം. തീയാൽ ഉത്തരമരുളുന്ന ദൈവം സത്യദൈവം! ആദ്യചാൻസ് ഏലീയാവ് ബാൽപ്രവാചകന്മാർക്കു തന്നെ നൽകി! ടോസു നേടിയ സന്തോഷത്തിലായിരുന്നു ബാൽ പ്രവാചകന്മാർ... ആദ്യ ഗെയിം അവരുടേത്! ഇഷ്ടമുള്ള കാളയെ തിരഞ്ഞെടുക്കാം, ഇഷ്ടമുള്ള സ്ഥലത്ത് യാഗപീഠം പണിയാം, ഇഷ്ടമുള്ളത്ര സമയമെടുക്കാം...

എന്നാൽ എതിരാളി കോർട്ടിലില്ലാതിരുന്നിട്ടും അവർക്ക് ഗോളടിക്കാൻ പറ്റിയില്ല. "അങ്ങനെ അവർക്കു കൊടുത്ത കാളയെ അവർ എടുത്ത് ഒരുക്കി: ബാലേ, ഉത്തരമരുളണമേ എന്ന് രാവിലെ തുടങ്ങി ഉച്ചവരെ ബാലിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചു. ഒരു ശബ്ദമോ ഉത്തരമോ ഉണ്ടായില്ല" (1 രാജാക്കന്മാർ 18:26). "ഉച്ചയായപ്പോൾ ഏലീയാവ് അവരെ പരിഹസിച്ചു: ഉറക്കെ നിലവിളിപ്പിൻ; അവൻ ദേവനല്ലോ; അവൻ ധ്യാനിക്കുകയാകുന്നു; അല്ലെങ്കിൽ വെളിക്കുപോയിരിക്കയാകുന്നു; അല്ലെങ്കിൽ യാത്രയിലാകുന്നു; അല്ലെങ്കിൽ പക്ഷെ ഉറങ്ങുകയാകുന്നു; അവനെ ഉണർത്തണം എന്നു പറഞ്ഞു" (1 രാജാക്കന്മാർ 18: 27).

**തീയാൽ ഉത്തരമരുളുന്ന ദൈവം സത്യദൈവം! ആദ്യചാൻസ് ഏലീയാവ് ബാൽപ്രവാചകന്മാർക്കു തന്നെ നൽകി! ടോസു നേടിയ സന്തോഷത്തിലായിരുന്നു ബാൽ പ്രവാചകന്മാർ... ആദ്യ ഗെയിം അവരുടേത്! ഇഷ്ടമുള്ള കാളയെ തിരെഞ്ഞെടുക്കാം, ഇഷ്ടമുള്ള സ്ഥലത്ത് യാഗപീഠം പണിയാം, ഇഷ്ടമുള്ളത്ര സമയമെടുക്കാം...**

ഈ ഓരോ വാക്കുകളിലും ഏലീയാവ് പരിഹാസം കുത്തിനിറച്ചിട്ടുണ്ട്. ഓരോ വാചകത്തിലും ഏലീയാവു പറയുന്നത് 'അവൻ ദൈവമല്ല' എന്നാണ്. ബാൽ ദേവനെങ്കിൽ അവനു കേൾക്കാൻ കഴിയില്ലെ? അതല്ല, അവൻ ധ്യാനിക്കുകയാണെങ്കിൽ അവനെങ്ങനെ ദേവനാകും? മറ്റൊരു ദൈവത്തെ ധ്യാനിക്കുന്നവൻ (പ്രാർത്ഥിക്കുന്നവൻ) എന്തു ദൈവം? അവൻ മറ്റൊരു ദൈവത്തോടാണു പ്രാർത്ഥിക്കുന്നതെങ്കിൽ നിങ്ങൾക്ക് ആ ദൈവത്തോടു പ്രാർത്ഥിച്ചുകൂടേ? അല്ലെങ്കിൽ അവൻ 'വെളിക്കുപോയി' (toilet) രിക്കയാകാം... അല്ലെങ്കിൽ യാത്രയിലാണെങ്കിൽ അവൻ സർവവ്യാപിയല്ലെന്നല്ലേ അതിനർഥം! ഒരു പക്ഷെ ഉറങ്ങുകയാകാം! വെളിക്കുപോകുന്നവനും ഉറങ്ങുന്നവനുമൊക്കെ എങ്ങനെയാണു ദൈവമാകുക? വെറുതെ നിങ്ങളെന്തിനു മിനക്കെടണം? ഇതാണു ഏലീയാവിന്റെ പരിഹാസം! ഞാൻ ചിലപ്പോൾ ആലോചിച്ചിട്ടുണ്ട്. എന്തുകൊണ്ട് വിജാതീയരുടെ ദൈവങ്ങൾ മനുഷ്യരെപ്പോലെ ഉണ്ണുകയും ഉറങ്ങുകയും അന്യോന്യം പ്രാർത്ഥിക്കുകയും ചിലപ്പോഴൊക്കെ തമ്മിൽ തമ്മിൽ വഴക്കുണ്ടാക്കുകയും യുദ്ധംചെയ്യുകയും ഒക്കെ ചെയ്യുന്നു? കാരണമുണ്ട്. അതൊന്നും ദൈവമല്ലല്ലോ! മനുഷ്യൻ അവന്റെ സങ്കല്പത്തിൽ മെനഞ്ഞെടുത്ത മിഥ്യകൾ! അതിന് അത്രയൊക്കെയേ പറ്റൂ...

വേദപുസ്തകം പഠിപ്പിക്കുന്നത് ദൈവം തന്റെ

സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ്. ദൈവത്തിന്റെ സൃഷ്ടിയായതിനാൽ നമ്മിൽ ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമുണ്ട്. എന്നാൽ ഈ 'ദൈവ'ങ്ങളെ മനുഷ്യൻ സൃഷ്ടിച്ചതാകകൊണ്ട് ഈ ദൈവങ്ങൾക്ക് മനുഷ്യന്റെ സാദൃശ്യമാണ്, മനുഷ്യന്റെ സ്വഭാവവുമാണ്. മനുഷ്യൻ നിർമിച്ച ദൈവത്തിന് മനുഷ്യനെക്കാൾ വലുതാകാൻ പറ്റില്ല!

ബാൽ പ്രവാചകർ വാൾകൊണ്ടും കുന്തം കൊണ്ടും തങ്ങളെത്തന്നെ കുത്തിമുറിവേൽപ്പിച്ച് രക്തമൊഴുക്കിയിട്ടും അവരുടെ ദൈവം തീയിറക്കിയില്ല; സംസാരിച്ചതുമില്ല! ഇല്ലാദൈവത്തിന് സംസാരിക്കാൻ കഴിയില്ലല്ലോ...

ഇനി ഏലീയാവിന്റെ ഊഴം! അവൻ യഹോവയുടെ യാഗപീഠം നന്നാക്കി, വിറക് അടുക്കി കാളയെ ഖണ്ഡം ഖണ്ഡമാക്കി വിറകിന്മീതെ വെച്ചു. ആരും ചെയ്യാൻ ധൈര്യപ്പെടാത്ത മറ്റൊരു കാര്യം കൂടെ അവൻ ചെയ്തു. ഹോമയാഗത്തിന്മേലും വിറകിന്മേലും നനഞ്ഞുകുതിരുംവരെ (മൂന്നുവട്ടം) വെള്ളമൊഴിച്ചു ചുറ്റുമുണ്ടാക്കിയ തോട്ടിൽ വെള്ളം നിറച്ചു. സ്വർഗത്തിൽ നിന്നുള്ള അഗ്നി പുറത്തുനിന്ന് പടർന്നുകയറിയതാണെന്ന് ആരും പറയാതിരിക്കേണ്ടതിനാലാവാം അവനതു ചെയ്തത്.

വൈകുന്നേരം മൂന്നുമണി! ദൈവാലയത്തിൽ ഭോജനയാഗം കഴിക്കുന്ന നേരം (1 രാജാക്കന്മാർ 18:36). ഏലീയാവ് വലിയ വായിൽ ഉറക്കെ നിലവിളിച്ചൊന്നുമില്ല! ഒരു മിനിറ്റിൽ ഒരു ചെറിയ പ്രാർത്ഥന! യഹോവേ, എനിക്ക് ഉത്തരമരുളണമേ... നീ ദൈവം തന്നെ യഹോവേ; നീ ഞങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്ന് ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരമരുളണമേ (1 രാജാക്കന്മാർ 18:37). "ഉടനെ യഹോവയുടെ തീയിറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളവും വറ്റിച്ചു". ഏലീയാവിന്റെ പ്രാർത്ഥന ദൈവം കേട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കാരണം, അവന്റെ പ്രാർത്ഥന സ്വാർഥ പ്രാർത്ഥന അല്ലായിരുന്നു: നീ ഞങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്ന് ഈ ജനം അറിയേണ്ടതിന്... "ആയിരുന്നു അവന്റെ പ്രാർത്ഥന. ജനങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന ദൈവം കേൾക്കാതെയിരുന്നില്ല. "ജനമെല്ലാം അതുകണ്ട് കവിണ്ണുവീണു; യഹോവ തന്നെ ദൈവം; യഹോവ തന്നെ ദൈവം എന്നു പറഞ്ഞു". മിഥ്യാമൂർത്തിയായ ബാൽ ശക്തിഹീനൻ മാത്രമല്ല

**ഇന്ന് ബാൽ ദൈവങ്ങളെക്കൊണ്ടു സഭ നിറഞ്ഞിരിക്കുന്നു. യേശു ദൈവമെങ്കിൽ അവനെ ആശ്രയിക്ക. അല്ല രാഷ്ട്രീയക്കാരനെങ്കിൽ അവനെ... പണമെങ്കിൽ അതിനെ... സംഘടനാനേതൃത്വമെങ്കിൽ അതിനെ... എന്തായാലും രണ്ടുതോണിയിൽ കാൽ വേണ്ട!**

നാസ്തിയുമാണെന്ന് ഏലീയാവ് വെളിപ്പെടുത്തി.

ആരാണ് ഇന്നു ബാൽ? ആരാണ് നമ്മുടെ അന്യദൈവങ്ങൾ? കാര്യസാധ്യത്തിനായി നാം ആശ്രയിക്കുന്ന, ആരും എന്തും, നമുക്ക് ബാലാണ്, അന്യദൈവമാണ്.

യിസ്രായേലിനെ കഷ്ടപ്പെടുത്തിയത് യഹോവയ്ക്കു പകരം ബാലിനെ ആശ്രയിച്ച ആഹാബും അവന്റെ പിതൃഭവനവുമാണെന്ന് ഏലീയാവു പറഞ്ഞു. ആരാണ് ഇന്നു സഭയെ ദുരന്തത്തിലേക്കു നയിക്കുന്നത്? ദൈവാശ്രയത്വത്തിൽ വളരേണ്ട ജനങ്ങളെ അതുവിട്ട് മാമോനെയും രാഷ്ട്രീയക്കാരനെയും മാനുഷികസംഘടനകളെയും അധികാരസ്ഥരെയും ഒക്കെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്നവരാണ്, സഭയിൽ ആത്മമാരി പെയ്യുന്നതിനു തടസ്സം നിൽക്കുന്ന ആഹാബുമാർ.

ഇന്ന് ബാൽ ദൈവങ്ങളെക്കൊണ്ടു സഭ നിറഞ്ഞിരിക്കുന്നു. യേശു ദൈവമെങ്കിൽ അവനെ ആശ്രയിക്ക. അല്ല രാഷ്ട്രീയക്കാരനെങ്കിൽ അവനെ... പണമെങ്കിൽ അതിനെ... സംഘടനാനേതൃത്വമെങ്കിൽ അതിനെ... എന്തായാലും രണ്ടുതോണിയിൽ കാൽ വേണ്ട!

ഏലീയാവിന്റെ കഥ ഒരു വീരചരിത്രമായി വായിച്ചുപോകാനല്ല, സഭയിലെ ബാൽ ആരാധനയുടെ ഈ കാലത്ത് യഹോവയുടെ പക്ഷത്ത് ഉറച്ചുനിൽക്കാൻ പ്രാപ്തരാക്കി വഞ്ചിക്കപ്പെട്ടുപോയ ജനത്തെ യഥാസ്ഥാനപ്പെടുത്തുവാൻ ജീവനുള്ള ദൈവത്തോട് നമുക്ക് ശ്രദ്ധയോടെ പ്രാർത്ഥിക്കാം.

●

# റോഡുകൾ മരണക്കെണികളോ?...

**പി**റന്നാൾ സമ്മാനം വാങ്ങാൻ ഭർത്താവിനോടൊപ്പം സ്കൂട്ടറിൽ പോയ യുവതി ടിപ്പർ അപകടത്തിൽ മരിച്ചു, തടിലോറിയിൽ തട്ടി പൊട്ടിവീണ കേബിൾ കുരുങ്ങി സ്കൂട്ടറിൽ നിന്നും തെറിച്ചുവീണ യുവതിക്ക് സാരമായ പരിക്കേറ്റു ചികിത്സയിൽ, വിഴിഞ്ഞത്തേക്ക് പോയ ടിപ്പർ ലോറിയിൽ നിന്നും തെറിച്ചു തലയിൽ കല്ലുവീണു യുവാവായ വിദ്യാർത്ഥി മരിച്ചു എന്നിങ്ങനെയുള്ള ചെറുതും വലുതുമായ അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് വർത്തമാനപത്രങ്ങളും സോഷ്യൽ മീഡിയയും റിപ്പോർട്ട് ചെയ്യുന്നു. ചുരുക്കത്തിൽ അപകടങ്ങൾ എന്നും സംഭവിക്കുന്ന ഒരു ദു:സ്ഥിതി. ഈ പശ്ചാത്തലത്തിൽ എന്തുകൊണ്ട് ഇങ്ങനെ നിയന്ത്രണമില്ലാതെ സംഭവിക്കുന്നു എന്ന് വിചിന്തനം ചെയ്തു പരിഹാര മാർഗ്ഗങ്ങൾ പ്രായോഗികമാക്കേണ്ടത് അനിവാര്യമാണ്. ഇതിലേക്ക് സർക്കാരിന്റെയും വകുപ്പുമേധാവികളുടെയും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും അടിയന്തര ശ്രദ്ധ പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അപകടത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ ഏവ എന്നും അവയുടെ പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമെന്നും കണ്ടെത്തി സമയവും മനുഷ്യജീവനുകളും നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി എടുക്കണം. അവ വിജയകരമായി പ്രാവർത്തികമാക്കുവാനും വീഴ്ചയില്ലാതെ അഭംഗുരം തുടരുന്നു എന്നുറപ്പാക്കുവാനും ബന്ധപ്പെട്ട എല്ലാവരുടെയും ഏകോപനവും സഹകരണവും ലഭ്യമാകുന്നു എന്ന് മേലധികാരികൾക്ക് ബോധ്യം ലഭിക്കാനും ആവശ്യമായ എല്ലാ നടപടിക്രമങ്ങളും ഈ വിപത്ഘട്ടത്തിൽ ഒരു നിമിഷം പോലും പാഴാക്കാതെ നടപ്പിലാക്കേണ്ടതാണ്.

അമിത വേഗത, അമിതഭാരം, റോഡിന്റെ ശോച്യാവസ്ഥ, അശ്രദ്ധയോടെ വാഹനമോടിക്കുന്നത്, ഡ്രൈവിങ്ങിനൊപ്പം മൊബൈൽ ഉപയോഗിക്കുന്നത്, വഴിയുടെ ഇരുവശത്തുമുള്ള കാഴ്ച മറയ്ക്കുന്ന കാടുകൾ, ഫ്ളക്സ്, ബാനർ മുതലായവ അപകട കാരണങ്ങളാണ്. ഇവ പരിഹരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും ഒരു പ്രാവശ്യം ചെയ്തു അവസാനിപ്പിക്കാതെ നിശ്ചിത ഇടവേളകളിൽ ആവർത്തിച്ച് തുടർമാനമായി ചെയ്യേണ്ടതുമാണ്.

നടപ്പാതകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കാൽനടക്കാർക്കും സുരക്ഷിതമായി നടക്കാൻ കഴിയാതെയിരിക്കുന്നു. കാൽനടക്കാർക്ക് അരികുചേർന്നു നടക്കുവാൻ കഴിയാത്തതു നിമിത്തം വാഹനങ്ങൾ പോകേണ്ടയിടത്തു കൂടി നടക്കുവാൻ നിർബന്ധിതരാകുന്നു. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ നിമിത്തം വാട്ടർ അതോറിറ്റി പൈപ്പിടാൻ കുഴിക്കുന്ന കുഴികൾ റോഡുകളിൽ തുടരുന്നത് വാഹനങ്ങൾക്കും വഴി നടന്നു പോകുന്നവർക്കും അപകട ഭീഷണിയായി തുടരുന്നു. നല്ല റോഡുകളിൽ ഇടയ്ക്കിടക്ക് കാണുന്ന കുഴികൾ ഇരുചക്ര വാഹനങ്ങൾക്ക് മരണക്കെണികൾ ആണ്. പ്രത്യേകാൽ വഴി പരിചയം ഇല്ലാത്തവർക്ക്. വഴികളിൽ രൂപപ്പെടുന്ന കുഴികൾ എത്രയും പെട്ടെന്ന് മൂടി യാത്ര സുഗമമാക്കുവാൻ പ്രത്യേകം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ട്രാഫിക് നിയമങ്ങൾ പാലിച്ചു വാഹനമോടിക്കുവാനുള്ള പ്രത്യേക പരിശീലനം നൽകുകയും ഡ്രൈവിംഗ് ടെസ്റ്റിന്റെ സമയത്തു ഗൾഫ് നാടുകളിലേതുപോലെ, ട്രാഫിക് നിയമങ്ങൾ അറിയുമോ എന്ന് പരീക്ഷിക്കേണ്ടതും ആണ്. പരസ്പര ബഹുമാനത്തോടെ ഡ്രൈവർമാരും ട്രാഫിക് മാനേഴ്സ് പാലിക്കേണ്ടതാണ്. ഹോൺ അടിക്കേണ്ടിടത്തു ഉപയോഗിക്കുകയും ആവശ്യമില്ലാത്ത അവസരങ്ങളിൽ അക്ഷമ കാട്ടാതെ സംയമനം പാലിക്കുന്നതും ശീലിക്കണം. രൂക്ഷമായ നോട്ടമോ, ഭാഷയോ, ആംഗ്യ വിക്ഷേപങ്ങളോ പരിപൂർണമായി ഒഴിവാക്കുകയും ചെയ്യണം. മറ്റുള്ളവരെ മുറിപ്പെടുത്തുന്ന തരത്തിലുള്ള ഒരു കാര്യവും ഉണ്ടാകാതെ ക്ഷമ കാട്ടേണ്ടിടത്തു ക്ഷമ കാണിക്കുകയും മത്സര ഓട്ടം ഒഴിവാക്കി സംയമനത്തോടും സൗഹൃദത്തോടും റോഡുകൾ ഉപയോഗിക്കാനും നാം ശീലിക്കണം. രാത്രികാലങ്ങളിൽ വഴിനടക്കുന്നവർ ഇരുണ്ട വസ്ത്രം ധരിച്ചു നടന്നാൽ ഡ്രൈവർമാർക്ക് അവരെ കാണാൻ കഴിയാത്ത അവസ്ഥയുണ്ട്. അതിനാൽ എപ്പോഴും വെള്ളയോ ഇളം നിറമോ ഉള്ള വസ്ത്രങ്ങൾ ധരിക്കുവാൻ കാൽനടക്കാർ ശ്രദ്ധിക്കണം. കഴിയുമെങ്കിൽ സ്ഥിരമായി നടക്കാൻ പോകുന്നവർ വാഹനവെളിച്ചത്തെ പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്നതു അവരുടെ സുരക്ഷയ്ക്ക് ഉതകും. •

# ആരോഗ്യമുള്ള കുടുംബങ്ങൾ

ഓരോ വ്യക്തികളുടെയും ശാരീരിക, മാനസിക, ആത്മീക തലങ്ങളിലെ ആരോഗ്യത്തിന്റെ സമഗ്രമായ ഒത്തുചേരലിലാണ് വ്യക്തിത്വം രൂപപ്പെടുന്നത്. അപ്രകാരം ആരോഗ്യമുള്ള വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളാണ് ഉദ്ദേശ്യപൂർണ്ണമാകുന്നത്. അഥവാ, നിർവഹണപരമായ( functional) കുടുംബങ്ങൾ ആകുക. ഒപ്പം കുടുംബങ്ങൾ ക്രിസ്തുകേന്ദ്രീകൃതമാകുമ്പോഴാണ് പൂർണ്ണമായും ധന്യത കൈവരിക്കുന്നത്. അപ്പോൾ സ്വർഗ്ഗീയസന്തോഷം വ്യാപരിക്കുന്ന ഇടങ്ങളായി കുടുംബങ്ങൾ മാറ്റപ്പെടും

നല്ല കുടുംബങ്ങളുടെ മഹത്വം മനസ്സിലാക്കിയ പിശാച് ആദിമുതൽ കുടുംബബന്ധങ്ങളുടെ ഊഷ്മളതയെ കെടുത്തിക്കളയാൻ തന്ത്രങ്ങൾ ഒരുക്കുന്നു. ഇന്ന് മറ്റേതൊരു കാലത്തേക്കാൾ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതിന്റെ കാരണം പിശാചിന്റെ കുടിലതന്ത്രങ്ങളെ ഗ്രഹിക്കാൻ കഴിയാതെ ഭാര്യാഭർത്താക്കന്മാർ കുടുംബജീവിതം നയിക്കുന്നതാണ്. പങ്കാളികളുടെ സ്വയവും സ്വാർത്ഥതയും ഹൃദയത്തിൽ നിറഞ്ഞു നിൽക്കുമ്പോൾ പരസ്പരം കുറ്റപ്പെടുത്തലും പോരടിക്കലും സാധാരണ സംഭവമാകുന്നു. ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാനം സ്വയം ത്യജിക്കലാകുന്നതുപോലെ കുടുംബങ്ങളുടെ അടിസ്ഥാനപ്രമാണം പങ്കാളികളുടെ സ്വയത്തിന്റെ പരിത്യജിക്കലാണ്.

കുടുംബജീവിത വിജയത്തിന്റെ മറ്റൊരു മർമ്മം വാക്കിലും പ്രവർത്തിയിലും ഉള്ള സ്നേഹത്തിന്റെ പ്രദർശനമാണ്. ദൈവത്തെ ഒന്നാം സ്ഥാനത്ത് നിർത്തുന്ന ദമ്പതികൾക്കു മാത്രമേ യഥാർത്ഥത്തിൽ ധന്യമായ കുടുംബം കെട്ടുപണി ചെയ്യുവാൻ കഴിയൂ. ദിനംതോറും ഉള്ള വചന ധ്യാനത്തിലൂടെ കുടുംബജീവിതഗന്ധിയായ ഉൾക്കാഴ്ചകൾ മാതാപിതാക്കൾക്കും മക്കൾക്കും സ്വാംശീകരിക്കാൻ കഴിയും. ആത്മാവിന്റെ ഐക്യതയോടെ പ്രാർത്ഥിക്കുന്ന ദമ്പതിമാരുടെ കുടുംബങ്ങളെ ശിഥിലമാക്കാൻ ഒരു തിന്മയുടെ ശക്തിക്കും കഴിയുകയില്ല.

ഏത് ഹൈടെക്/ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുഗമായാലും കുടുംബത്തിന്റെ പ്രോട്ടോക്കോൾ പാലിക്കാൻ കുടുംബങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അത് ഇങ്ങനെയാണല്ലോ? “സ്ത്രീയുടെ തല പുരുഷൻ, പുരുഷന്റെ തല ക്രിസ്തു!” അപ്പോൾ തന്നെ ക്രിസ്തു സഭയെ സ്നേഹിച്ചതിൽ കുറയാത്ത സ്നേഹമാണ് ഭർത്താക്കന്മാർ ഭാര്യമാർക്ക് നൽകേണ്ടത്.

ഈ സത്യങ്ങളെ ഉൾക്കൊള്ളുമ്പോൾ തന്നെ കുടുംബാന്തരീക്ഷം പ്രതിസന്ധികളാൽ ചുറ്റപ്പെട്ടതാണെന്ന സത്യവും നാം മറക്കാൻ പാടില്ല. വീഴ്ചകൾ വന്നാൽ ക്ഷമായാചനം നടത്തി പരസ്പരം നിരപ്പായി മുന്നോട്ടുപോയാൽ ആരോഗ്യമുള്ള കുടുംബങ്ങൾ സഭയിലും സമൂഹത്തിലും നിലനിൽക്കും എന്നതിന് സംശയമില്ല!

**-എംസി**


**Bank Account Details:**

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.04.2024


NERVEEDHI - APRIL 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

Vpa Id:qr.nerveedhi@sib

Scan and Pay using any UPI App




മനുഷ്യജീവിതം പ്രതിസന്ധികളും
പ്രശ്നങ്ങളും നിറഞ്ഞതാണ്.
എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും
പരിഹാരം ദൈവം മനുഷ്യന്
നൽകിയിട്ടുണ്ട്.
ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ
ഫലപ്രദമായി നേരിടുന്നത്
എങ്ങനെയെന്ന് ദൈവവചനത്തിന്റെയും
നിരവധി ജീവിതാനുഭവങ്ങളുടെയും
അടിസ്ഥാനത്തിൽ
ബ്രദർ ജോയ് എം. തോമസ്
ഈ ചെറുപുസ്തകത്തിലൂടെ നിങ്ങളോട്
വിശദീകരിക്കുന്നു.

മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ ജോയ് എം തോമസ് എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.







ഇപ്പോൾ
ലഭ്യമാണ്

ഉഷസ്സുതോറുമുള്ള വചന ധ്യാനം
അകത്തെ മനുഷ്യനു കരുത്തേകും
വർഷത്തിലെ ഓരോ ദിനവും
ധ്യാനിക്കുവാൻ പണ്ഡിതരായ
ദൈവ ദാസന്മാർ ശുപാർശ
ചെയ്യുന്ന ഉത്തമ ഗ്രന്ഥം.

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336,8547916678

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.